പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 151 28.12.2010-ൽ മറുപടിയ്ക്ക്

വിവരാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്,<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) വിവരാവകാശ നിയമ പ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി നൽകുന്നതിനായി സർക്കാർ വകുപ്പുകളിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) വിവരാവകാശ നിയമ പ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി നൽകേണ്ടതാണെന്ന് നിയമത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. അതിലേയ്ക്കായി സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലേറ്റ് ഓഫീസർ എന്നിവരെ സ്ഥാനനിർദ്ദേശം ചെയ്യണമെന്നും അപേക്ഷകൾ കൈകാര്യം ചെയ്യേണ്ട രീതിയെ സംബന്ധിച്ചും സമയക്ളിപ്തത പാലിക്കുന്നതു സംബന്ധിച്ചും വിവരങ്ങൾ വെബ്സൈറ്റുകളിൽ നൽകുന്നതു സംബന്ധിച്ചും രേഖകളും പ്രമാണങ്ങളും ക്രോഡീകരിച്ച് സൂക്ഷിക്കുന്നത് സംബന്ധിച്ചും നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു കൂടാതെ സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ ; | (ബി) പൊതു അധികാര സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും ആവശ്യകതയനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. |
| (സി) വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട് ; | (സി) 214 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഡി) വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) കേന്ദ്ര നിയമമായ വിവരാവകാശ നിയമം ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് നടപടിയെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. നിയമത്തിൻ കീഴിൽ ലഭ്യമായ അവകാശങ്ങൾ ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപങ്ങളൊന്നും സംസ്ഥാന സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ സർക്കാർ ഇക്കാര്യം പരിഗണിച്ചിട്ടുമില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.152 — 28.12.2010- ൽ മറുപടിയ്ക്ക്

## പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ വംശവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ..എൻ. അനിരുദ്ധൻ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ കെ.രാജു:<br>ശ്രീ. പള്ളിപ്രം ബാലൻ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ സംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.<br>1. ഈ സാമ്പത്തിക വർഷം ' വികസനവും പരിശീലനവും' എന്ന പദ്ധതി പ്രകാരം വംശനാശം നേരിടുന്ന തനതുകന്നുകാലികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ സംരക്ഷിക്കുകയും പ്രജനനം നടത്തുകയും ചെയ്യുന്ന പരിപാടി നടപ്പിലാക്കി വരുന്നു. പത്ത് ലക്ഷം രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ട്.<br>2. വംശനാശം നേരിടുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണത്തിനുള്ള 100% കേന്ദ്ര സഹായമുള്ള പദ്ധതി.<br>കെ.എൽ.ഡി. ബോർഡ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് 5 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

3. കേരള കാർഷിക സർവ്വകലാശാലയുടെ എൻ.എ.ടി.പി. (National Agricultural Technology Project) എന്ന പദ്ധതി.

ഈ പദ്ധതി പ്രകാരം കാസർഗോഡ് പശുക്കൾ,വടകര പശുക്കൾ, ഹൈറേഞ്ച് ഡ്വാർഫ്, കുട്ടനാടൻ പോത്തുകൾ എന്നീ ഇനങ്ങളിൽ പെട്ട കന്നുകാലികളെ കണ്ടെത്തി അവയുടെ സ്വഭാവവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങളുടെ ബീജം ഗാഢശീതീകരണം നടത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കേരള കാർഷിക സർവ്വകലാശാലയിലെ ജനിതക വിഭാഗത്തിന്റെ ഗവേഷണപദ്ധതികൾ.

ടി വിഭാഗത്തിന്റെ കീഴിൽ വെച്ചൂർ പശുക്കളെ കണ്ടെത്തി സംരക്ഷിച്ചു വരുന്നുണ്ട്. നൂറോളം വെച്ചൂർ പശുക്കൾ സർവ്വകലാശാലയുടെ ഫാമിൽ ഉണ്ട്. മുൻകൂർ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് പശുക്കളെ ലഭ്യമാക്കുന്ന ഒരു പദ്ധതിയും സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്.

5. മലബാറി ആടുകളുടെയും അട്ടപ്പാടി ബ്ളാക്ക് ആടുകളുടെയും സംരക്ഷണത്തിനുള്ള പദ്ധതികൾ.

മൃഗസംരക്ഷണ വകുപ്പിന്റെ കിഴിലുള്ള പാറശ്ശാല, കൊമേരി (കണ്ണൂർ) ആടുവളർത്തൽ കേന്ദ്രങ്ങളിൽ മലബാറി ആടുകളെയും അട്ടപ്പാടി ആടു

വളർത്തൽ കേന്ദ്രത്തിൽ അട്ടപ്പാടി ബ്ളാക്ക് ആടുകളെയും സംരക്ഷിച്ച് വംശവർദ്ധനവ് നടത്തി സർക്കാർ പദ്ധതികളിലൂടെ വിതരണം ചെയ്യുവരുന്നു.

കെ.എൽ.ഡി. ബോർഡിന്റെ പാലക്കാട് ധോണിയിലുള്ള കേന്ദ്രത്തിൽ മലബാറി, അട്ടപ്പാടി, ബ്ളാക്ക് എന്നീ വിഭാഗങ്ങളിലുള്ള ആടുകളുടെ മാതൃ-പിതൃശേഖരത്തെ സംരക്ഷിച്ചു വരുന്നു.

കെ.എൽ.ഡി.ബോർഡിന്റെ നേതൃത്വത്തിൽ ടി ആട് ജനുസ്സുകളുടെ ബീജം ശേഖരിച്ച് ഗാഢശീതീകരണ പ്രക്രിയയിലൂടെ സൂക്ഷിക്കുന്നു. ടി ബീജം മൃഗസംരക്ഷണ വകുപ്പിന്റെ ബീജധാനകേന്ദ്രങ്ങൾ വഴി കൃത്രിമ ബീജസങ്കലനത്തിനായി ഉപയോഗിച്ചു വരുന്നു.

6. അങ്കമാലി ബ്ളാക്ക് പന്നികളുടെ സംരക്ഷണം

ഇതിനായി കെ.എൽ.ഡി. ബോർഡ് കേന്ദ്രസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു.

| | | | |
|---|---|---|---|
| (ബി) | കേരളത്തിന്റെ തനതു ജനുസുകളായ കന്നുകാലികൾ ഏതെല്ലാം; അവയുടെ വംശവർദ്ധവ് സാധ്യമാണോ; | (ബി) | കേരളത്തിന്റെ തനതു ജനുസുകളായ കന്നുകാലികൾ താഴെ പറയുന്നവയാണ്.<br>1. വെച്ചൂർ പശുക്കൾ:<br>ഇന്ത്യൻ കന്നുകാലി ജനുസ്സുകളിൽ ഏറ്റവും ചെറിയ ഇനമാണിത്. കോട്ടയം ജില്ലയിലെ വൈക്കം താലൂ |

ക്കിലുള്ള വെച്ചൂർ പ്രദേശത്താണ് ആവിർഭാവം. കുറഞ്ഞ തീറ്റച്ചെലവ് മതി എന്നതാണ് പ്രത്യേകത. ശരാശരി പാലുല്പാദനം 3 ലിറ്റർ.

2. ഹൈറേഞ്ച് ഡ്വാർഫ്.:

ഇടുക്കി ജില്ലയിലെ ചിന്നല്ലാർ -പെരിയാർ പ്രദേശങ്ങളിലെ തേയില ത്തോട്ടങ്ങളിൽ കണ്ടു വരുന്നു. ശരാശരി 2 ലിറ്ററാണ് പാലുല്പാദനം.

3. കാസർഗോഡ് പശുക്കൾ:

കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, മീഞ്ച, വോർക്കാഡി പഞ്ചായത്തുകളിലും കാസർഗോഡ് പട്ടണത്തിൻെറ ചില ഭാഗങ്ങളിലുമാണ് കണ്ടുവരുന്നത്. ജൈവ വളത്തിൻെറ ആവശ്യത്തിനാണ് ഇവയെ പരിപാലിച്ചുവരുന്നത്. 2 ലിറ്ററിൽ താഴെയാണ് പാലുല്പാദനം.

4. വടകര പശുക്കൾ:

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലാണ് ഇവയെ കണ്ടുവരുന്നത്. ശരാശരി 3 ലിറ്റർ പാൽ തരുന്നു. ചെറിയ ഇനത്തിൽപ്പെട്ട കന്നുകാലികളാണ്.

5. കുട്ടനാടൻ എരുമ വർഗ്ഗം:

ആലപ്പുഴ ജില്ലയിലെ എടത്വ, കോട്ടയം ജില്ലയിലെ തലയാഴം എന്നീ കുട്ടനാടൻ പ്രദേശങ്ങളിലാണ് ഈ എരുമ വർഗ്ഗത്തെ കണ്ടു വരുന്നത്. ഈ ഇനത്തിൽപ്പെട്ട പോത്തുകളെ നിലം ഉഴുന്നതിനായി ഉപയോഗിച്ചു വന്നിരുന്നു. യന്ത്രവൽക്കരണം ഇവയുടെ വംശനാശത്തിന് കാരണമായിട്ടുണ്ട്.

6. മലബാറി ആടുകൾ: കേരളത്തിന്റെ തനതു ആടു വർഗ്ഗമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത് ഈ വിഭാഗത്തിൽപ്പെട്ട ആടുകളെയാണ്. തലശ്ശേരി ഭാഗത്താണ് ആവിർഭാവം. പാലിനും മാംസത്തിനും ഒരു പോലെ പ്രയോജനപ്രദം.

7. അട്ടപ്പാടി ബ്ലാക്ക് ആടുകൾ:

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിൽ കണ്ടുവരുന്നു. 5000-ൽ താഴെയാണ് ആകെയെണ്ണം. മാംസപ്രധാനം.

8. അങ്കാലി ബ്ലാക്ക് പന്നികൾ:

എറണാകുളം ജില്ലയിലെ അങ്കമാലി പ്രദേശത്ത് മുമ്പ് ധാരാളമായി ഉണ്ടായിരുന്നു. ഇപ്പോൾ വളരെക്കുറച്ച് എണ്ണം മാത്രമേയുള്ളൂ.

ഇവയുടെ വംശവർദ്ധനവ് സാദ്ധ്യമാണ്.

(സി) എങ്കിൽ അവയുടെ വംശവർദ്ധനവിനായി എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) നമ്മുടെ സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്ക് ഏറെ അനുയോജ്യമായിട്ടുള്ളവയും ഉയർന്ന രോഗ പ്രതിരോധശേഷി , കുറഞ്ഞതീറ്റച്ചിലവ്, ഉയർന്ന പരിവർത്തന ശേഷി, കുറഞ്ഞ ശരീര തൂക്കം തുടങ്ങിയ ഗുണങ്ങൾ ഉള്ളവയുമാണ് നാടൻ തനതു ജനുസ്സുകൾ. സംസ്ഥാനത്ത് പാലിന്റെ ആവശ്യകത കൂടി വന്നപ്പോൾ ഉല്പാദനശേഷി കൂടിയ വിദേശ ശുദ്ധ ജനുസ്സുകളെയും അവയുടെ സങ്കര വർഗ്ഗങ്ങളേയും അമിതമായി ആശ്രയിക്കേണ്ടി വന്നപ്പോൾ നാടൻ

ജനുസ്സുകൾ പുറംതള്ളപ്പെടുകയാണുണ്ടായത്. എന്നാൽ ഉന്നത ജനിതക മൂല്യങ്ങളുള്ള ഇവയെ സംരക്ഷിച്ചു നിലനിർത്തേണ്ടത് അത്യാവശ്യമാണെന്ന് കണ്ടതിനാൽ അവയെ സംരക്ഷിക്കുന്നതിനും വംശവർദ്ധനവുണ്ടാകുന്നതിനും നിരവധി പദ്ധതികൾ ആവിഷ് കരിച്ചിട്ടുണ്ട്.

2008-ൽ പുനരാവിഷ്കരിച്ച പ്രജനനനയത്തിൽ തനതു ജനുസ്സുകളുടെ സംരക്ഷണത്തിന് ഊന്നൽ കൊടുത്തിട്ടുണ്ട്. എല്ലാ തനതു ജനുസ്സുകളുടെയും സംരക്ഷണത്തിനുള്ള പരിപാടികൾ ശക്തിപ്പെടുത്തണമെന്നും ഇതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന മൃഗസംരക്ഷണ വകുപ്പും, കെ.എൽ.ഡി.ബോർഡും സംയുക്തമായി ഏറ്റെടുക്കണമെന്നും ഇതിനാവശ്യമായ ഗവേഷണപ്രവർത്തനങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാല നേതൃത്വം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയതായി രൂപീകരിക്കപ്പെട്ട വെറ്ററിനറി സർവ്വകലാശാലയുടെ മുഖ്യ ദൗത്യങ്ങളിലൊന്ന് കേരളത്തിലെ തനതു കന്നുകാലി ജനുസ്സുകളുടെ സംരക്ഷണമാണ്.

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെയും, കെ.എൽ.ഡി.ബോർഡിന്റെയും ഫാമുകളിൽ നാടൻ ജനുസ്സുകളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2004-05 വർഷത്തിൽ മലബാറി ആടുകളുടെ സംരക്ഷണത്തിനായി 22.55 ലക്ഷം രൂപ ഇപ്രകാരം കെ.എൽ.ഡി.ബോർഡിന് ലഭിച്ചത് വിനിയോഗിച്ചിട്ടുണ്ട്. അട്ടപ്പാടി ആടുകളുടെ സംരക്ഷണത്തിനായി 2008-09, 2009-10 വർഷങ്ങളിലായി 48 ലക്ഷം രൂപ കേന്ദ്ര സഹായമായി കെ.എൽ.ഡി. ബോർഡിന് ലഭിച്ചത് വിനിയോഗിച്ച് ടി ഇനത്തിൽപ്പെട്ട ആടുകളെ സംരക്ഷിച്ചുവരുന്നു.

2005-06, 2008-09 വർഷങ്ങളിൽ അങ്കമാലി ബ്ളാക്ക് പന്നികളുടെ സംരക്ഷണത്തിനായി ലഭിച്ച 29.2 ലക്ഷം രൂപ വിനിയോഗിച്ച് ഇവയുടെ സംരക്ഷണത്തിനും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 153

28.12.2010 ലെ മറുപടിയ്ക്ക്

# ധനവകുപ്പ് അനുവദിച്ചിട്ടുളള സാമ്പത്തിക സഹായം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി | ബഹു ധനകാര്യ വകുപ്പ് മന്ത്രി<br>ഡോ. തോമസ് ഐസക്ക് |
| (എ) | പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സപ്ളൈകോയ്ക്കും കൺസ്യൂമർ ഫെഡിനും വിപണിയിടപെടലിന് എത്രമാത്രം സാമ്പത്തിക സഹായം നൽകുന്നു എന്ന് വ്യക്തമാക്കുമോ? | പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിപണിയിടപെടലിന് ഈ സാമ്പത്തിക വർഷം കൺസ്യൂമർ ഫെഡിന് 15 കോടി രൂപയും, സപ്ളൈകോയ്ക്ക് 74.31 കോടി രൂപയും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. |
| (ബി) | സബ്സിഡി ഇനത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | 2008-2009 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് 11 കോടി രൂപയും, സപ്ളൈകോയ്ക്ക് 105 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് 20 കോടി രൂപയും സപ്ളൈകോയ്ക്ക് 83 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യ സബ്സിഡി അനുവദിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ, ഇല്ലെങ്കിൽ കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകിയാണ് 2 രൂപ നിരക്കിൽ വിതരണം ചെയ്യുന്നത്. ഈ സബ്സിഡി നൽകുന്നതിന് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നില്ല. കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നതിനാവശ്യമായ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |

| | | |
|---|---|---|
| (ഡി) | നെല്ലുസംഭരണത്തിന് താങ്ങുവില നൽക്കുന്നതിനായി കഴിഞ്ഞവർഷം എന്ത് തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ? | നെല്ലുസംഭരണത്തിന് താങ്ങുവില നൽകുന്നതിനായി സബ്സിഡി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | രണ്ടു രൂപ നിരക്കിൽ വിവിധ വിഭാഗങ്ങൾക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനായി ധനവകുപ്പ് എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | രണ്ടു രൂപ നിരക്കിൽ വിവിധ വിഭാഗങ്ങൾക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് നാളിതുവരെ 245 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

Ajaya Kumar B

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 154

28/12/2010 ൽ മറുപടിക്ക്

**പാചക വാതക വിതരണത്തിലെ അപാകതകൾ**

**പരിഹരിക്കുന്നതിന് നടപടി**

ചോദ്യം

ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. പി. ടി. എ. റഹീം
ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും, സിവിൽ സപ്ലൈസും
മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) പാചകവാതക വിതരണം മുടക്കം കൂടാതെ നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാനായി തൊഴിൽ സമരങ്ങളും ടാങ്കർ ലോറി പണിമുടക്കുകളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ സർക്കാർ ഇടപെട്ട് ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. കൂടാതെ, പൊതു പണിമുടക്ക്, ഹർത്താൽ എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ പാചക വാതക വിതരണം സുഗമമായി നടക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കാൻ ജില്ലാ ഭരണാധികാരികൾ, പോലീസ് അധികാരികൾ എന്നിവർക്ക് സംസ്ഥാന സർക്കാർ യഥാസമയം നിർദ്ദേശം നൽകാറുണ്ട്.

ഇത് സംബന്ധിച്ച് ഏറ്റവു മൊടുവിൽ (30/11/2010-ൽ) സർക്കാർ വിളിച്ച് ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബോട്ട്ലിംഗ് പ്ലാന്റിൽ

തൊഴിൽ തർക്കംമൂലം പാചകവാതക വിതരണം തടസ്സപ്പെടുന്നത് സർക്കാരിനെ ഉടൻ അറിയിക്കണമെന്നും ആവശ്യമുള്ള പക്ഷം പാചകവാതക വിതരണം സുഗമമായി നടത്തുന്നതിനാവശ്യമായ എല്ലാ നിയമനടപടികളും സ്വീകരിക്കണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം തൊഴിൽ തർക്കങ്ങൾ ഓയിൽ കമ്പനികൾ നേരിട്ട് ഇടപെട്ട് ഉടനടി പരിഹാരം കണ്ടെത്തി എൽ. പി ജി. വിതരണത്തിനുള്ള കാലതാമസം നീക്കണമെന്നും ടി യോഗത്തിൽ ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ നേരിട്ട് ഓൺലൈൻ വഴി സ്വീകരിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് 1800-425 – 1550 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ LPG വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന് സംസ്ഥാന / ജില്ലാ / താലൂക്ക്തല സ്ക്വാഡുകൾ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാചകവാതക വിതരണം നിരീക്ഷിക്കുന്നതിന് എൽ. പി. ജി. മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്മിറ്റികൾക്കുള്ള അധികാരങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാൻ നടപടി

<u>(ബി) യും (സി) യും (ഡി) യും</u>

പാചക വാതക വിതരണം നിരീക്ഷിക്കുന്നതിന് 23-11-2007-ലെ G.O. (Rt) 530/2007/ F&CSD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, ഓയിൽ കമ്പനി പ്രതിനിധികൾ ഗ്യാസ് ഏജൻസി പ്രതിനിധികൾ

| | | |
|---|---|---|
| | സ്വീകരിക്കുമോ; | എന്നിവർ ഉൾപ്പെടുന്ന ജില്ലാതല എൽ. പി. ജി. മോണിട്ടറിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. കാലാ കാലങ്ങളിൽ പാചകവാതകത്തിന്റെ ആവശ്യകത, ലഭ്യത, പരാതികൾ എന്നിവ നിരീക്ഷിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിന് ടി കമ്മിറ്റികൾക്ക് അധികാരവും ചുമതലയും ഉണ്ട്. |
| (ഡി) | പാചകവാതക വിതരണം നിരീക്ഷിക്കുന്നതിന് സർക്കാർ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ? | ജില്ലാകളക്ടർ, ഓയിൽ കമ്പനികൾ, ഉപഭോക്താക്കൾ, വിതരണ ക്കാർ എന്നിവരുടെ പ്രതിനിധികൾ അടങ്ങുന്ന ഓപ്പൺ ഫോറങ്ങൾ മുഖേന പാചകവാതക വിതരണത്തിലെ പരാതികളും പോരായ്മകളും പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 155

28.12.2010 ൽ മറുപടിയ്ക്ക്

## അവശ്യ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ജെ.ജേക്കബ് ;<br>ശ്രീമതി. ജെ.അരുന്ധതി ;<br>ശ്രീ. കെ.സി.രാജഗോപാലൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപനശാലകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | എ) ഉൽപന്നങ്ങളുടെ ഗുണനിലവാരം ഡിപ്പോതലങ്ങളിൽ പരിശോധിക്കുന്നത് ബന്ധപ്പെട്ട ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, സ്റ്റോക്ക് കസ്റ്റോഡിയൻ എന്നിവരാണ്. കൂടാതെ ജില്ലാതലങ്ങളിൽ ക്വാളിറ്റി പരിശോധനയ്ക്ക് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുണ്ട്. ഡിപ്പോതലങ്ങളിലെ പരിശോധനയ്ക്ക് ശേഷം തുടർന്നുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുടെ പരിശോധനയിൽ ഉൽപന്നങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളവയല്ലെങ്കിൽ അവ തിരസ്കരിക്കാനും കരാറുകാരിൽ നിന്ന് മാറ്റി വാങ്ങാനുള്ള സംവിധാനവും ഉണ്ട്. ഗുണ നിലവാരം പരിശോധിക്കുന്നതിന് ബഹു. ഇ.കെ.മുതലിയാർകമ്മീഷൻ അംഗീകരിച്ച ക്വാളിറ്റി മാനുവൽ പ്രകാരമാണ്. ഉൽപന്നങ്ങളുടെ ജൈവ സൂക്ഷ്മാണു പരിശോധന നടത്താൻ കോന്നിയിലുള്ള CFRD യിൽ വ്യവസ്ഥയുണ്ട്. ഡിപ്പോകളിൽ നിന്ന് ഔട്ട്ലെറ്റ്തലങ്ങളിൽ അയക്കുന്ന സാധനങ്ങൾ ഔട്ട്ലെറ്റ് തലങ്ങളിൽ പരിശോധിക്കുവാനും അവ വൃത്തിയാക്കൽ പ്രക്രിയ ചെയ്യുവാനും വ്യവസ്ഥയുണ്ട്. കോർപ്പറേഷനിലുള്ള വിജിലൻസ് വിഭാഗം എല്ലാ മാസവും സംസ്ഥാനത്തുള്ള ഡിപ്പോകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഉപഭോക്താവിന് ഗുണമേന്മയിൽ സംശയം തോന്നുന്ന പക്ഷം അത്തരം സാധനങ്ങൾ മടക്കി നൽകിയാൽ സാധനങ്ങളുടെ മുഴുവൻ വിലയും ഉപഭോക്താവിന് തിരികെ നൽകുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇവയുടെ വിവരം ശേഖരിക്കാൻ വിൽപനശാലകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽനടപടി കൈക്കൊള്ളുകയും ചെയ്യുന്നു. |
| ബി) വിൽപനശാലകളിൽ വിജിലൻസ് വിഭാഗം ഈയിടെ നടത്തിയ പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; | ബി) ചില സാധനങ്ങളിൽ ഗുണമേന്മയിൽ നേരിയ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടു. |

(സി) എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ തൃശ്ശൂർ ഡിപ്പോയിലെ അസിസ്റ്റന്റ് മാനേജർ ശ്രീ.എസ്.സെബാസ്റ്റ്യൻ, ജൂനിയർ മാനേജർ ശ്രീമതി. കെ.വിജയലക്ഷ്മി, ശ്രീ.കെ.വി.വിനോദ്, സീനിയർ അസിസ്റ്റന്റ് II എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. എറണാകുളം ജില്ലാ ഡിപ്പോയിലെ ജൂനിയർ മാനേജർ (QA) ആയി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി. അസ്റ ബക്കറിനെ പിരിച്ചു വിട്ടു. ശ്രീ.റ്റി.എ.അബ്ദുള്ള (ജൂനിയർ അസിസ്റ്റന്റ്) നെ സസ്പെന്റ് ചെയ്തു. കൂടാതെ Tetrazine അടങ്ങിയ ചെറുപയർപരിപ്പ് സപ്ലൈകോ വഴി വിതരണത്തിന് നൽകിയ സപ്ലൈയർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സപ്ലൈകോയ്ക്ക് ആവശ്യമായ എല്ലാ സാധനങ്ങളും കേന്ദ്രീകൃത പർച്ചേസിലൂടെ മാത്രം വിതരണം ചെയ്യാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) സപ്ലൈകോ വിൽപനയ്ക്ക് ആവശ്യമായ 18 ഇനം നിത്യോപയോഗസാധനങ്ങൾ മാത്രമാണ് നിലവിൽ ഇ- പർച്ചേസ് മുഖാന്തിരം വാങ്ങുന്നത്. പ്രാദേശിക ഉപഭോക്തൃ താൽപര്യം മുൻനിർത്തി മാത്രമേ മറ്റിനം സാധനങ്ങൾ വാങ്ങാൻ സാധിക്കുകയുള്ളു. ആയതിനാൽ കേന്ദ്രീകൃത ഇ- പർച്ചേസ് സംവിധാനത്തിൽ ഇവ വാങ്ങുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്.

(ഇ) സപ്ലൈകോയുടെ കഴിഞ്ഞ നാലുവർഷത്തെ വിറ്റുവരവ് എത്രയാണ് ; ഓരോ വർഷവും എത്ര കോടി രൂപയുടെ സബ്സിഡിയാണ് ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ഇ) കഴിഞ്ഞ നാല് വർഷത്തെ വിറ്റുവരവിന്റെയും വിവിധയിനം വിപണന പദ്ധതികളുടെ വില്പന വിലയുടെയും പൊതു കമ്പോള വിലയുടെയും അടിസ്ഥാനത്തിൽ ഉപഭോക്താ ക്കൾക്ക് നൽകിയിട്ടുള്ള ആനുകൂല്യത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിറ്റുവരവ് (രൂപയിൽ) | ആനുകൂല്യം (രൂപയിൽ) |
|---|---|---|
| 2006-07 | 1011 കോടി | ഏകദേശം 90 കോടി |
| 2007-08 | 1256 കോടി | ഏകദേശം 200 കോടി |
| 2008-09 | 1851 കോടി | ഏകദേശം 250 കോടി |
| 2009-10 | 2284 കോടി | ഏകദേശം 375 കോടി |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 157          28/12/2010 ൽ മറുപടിയ്ക്ക്

വിവിധ സ്ഥാപനങ്ങളിലെ നിയമനം പി. എസ്. സി.ക്ക് വിടുന്ന നടപടി

ചോദ്യം:

ശ്രീ. എ.സി.മൊയ്തീൻ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. ബി. രാഘവൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ ;

ഉത്തരം:

ശ്രീ. വി. എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ)യും (ബി)യും

തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫീഡ്സ് ലിമിറ്റഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. 9.5.2008ലെ GO (MS)84/08/AD പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനിക്കുകയുണ്ടായി. 1971ലെ കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ് റൂൾസിൽ പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ വരാത്തതിനാൽ ടി സ്ഥാപനങ്ങളിലെ നിയമന നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. 18.12.2010ലെ സ.ഉ.(എം.എസ്) നം.393/10/ഉ.വി.വ. പ്രകാരം സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേക്കുള്ള

നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടു കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) പി.എസ്.സി. മുഖേന നിയമനം നടത്താൻ ബന്ധപ്പെട്ട നിയമ ങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 18.2.2008ലെ G.O(P)No.2/2008/P&ARD ഉത്തരവ് പ്രകാരം സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്-ലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരമാക്കി ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും സ്പെഷ്യൽ റൂൾസ്/റിക്രൂട്ട്മെന്റ് റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം ഇതുവരെ നടത്തിയിട്ടില്ല. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. നിയമനങ്ങൾ പി.എസ്.സിയുടെ പരിധിയിൽ കൊണ്ടുവരുന്ന സ്ഥാപനങ്ങളുടെ സെപ്ഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ടി സ്ഥാപനങ്ങളുടെ അതാത് ഭരണ വകുപ്പുകളാണ്.

(ഡി) പുതുതായി ഏതെങ്കിലും സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ഡി) കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സിയുടെ പരിധിയിൽ കൊണ്ടുവരുവാൻ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് താല്ക്കാലിക തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.158 28.12.2010-ൽ മറുപടിക്ക്

## പദ്ധതി ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ. സി.കെ.സദാശിവൻ | ഡോ.റ്റി.എം.തോമസ് ഐസക്<br>ധനകാര്യ വകുപ്പുമന്ത്രി |
| (എ). പദ്ധതി വിഹിതം സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തിരക്കു പിടിച്ച് ചെലവ് ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിന് ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;<br><br>(ബി). ചെലവു ചെയ്യലിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | വകുപ്പുതല സെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറിയുടെ പദ്ധതി അവലോകനയോഗം എല്ലാ മാസവും ചേരാറുണ്ട്. പദ്ധതി വിഹിതം കാര്യക്ഷമമായി ചെലവഴിക്കുന്നതിനും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ പദ്ധതി വിഹിതം വർദ്ധിതമായി വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ നൽകാറുണ്ട്. കൂടാതെ മന്ത്രിമാർ തങ്ങൾക്ക് ചുമതലയുള്ള വകുപ്പുകളിലെ പദ്ധതി പ്രവർത്തനം കാലാകാലങ്ങളിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാനായി 06.08.2008 ലെ സർക്കാർ ഉത്തരവ് (പി) 351/08/ധന നമ്പർ പ്രകാരം 3 കോടി രൂപവരെ അടങ്കൽ ഉള്ള പദ്ധതികൾക്ക് ഭരണ വകുപ്പുകൾക്കു തന്നെ ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 3 കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികൾക്ക് ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വഴി ഭരണാനുമതി നൽകുന്നുണ്ട്. എല്ലാ മാസവും ഒന്നിലധികം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേർന്ന് ഇപ്രകാരമുള്ള ഭരണാനുമതി നൽകി വരുന്നുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന മാസം ട്രഷറികളിൽ നിന്ന് മുൻകൂറായി പണം പിൻവലിച്ച് പദ്ധതി ചെലവായി കാണിക്കുന്ന പ്രവണത ഒഴിവാക്കാനായി മാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിലും നിയന്ത്രണം ഏർപ്പെടുത്തി എല്ലാ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉചിതമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി). മരാമത്തു പണികളുടെ ബില്ലുകൾ പാസ്സാക്കുന്നതിൽ ഇപ്പോൾ കാല താമസം ഉണ്ടാകുന്നുണ്ടോ ;<br>എങ്കിൽ വിശദാംശം നൽകുമോ : | മരാമത്തു പണികളുടെ ബില്ലുകൾ പാസ്സാക്കുന്നതിൽ ഇപ്പോൾ കാലതാമസം നേരിടുന്നില്ല. |
| (ഡി). ക്ഷേമ പെൻഷനുകൾ യഥാസമയം കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ വിവിധ ക്ഷേമ പെൻഷനുകൾ കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. അതാതു വർഷത്തെ ബഡ്ജറ്റുകളിൽ നിലവിലുള്ള നിരക്കിൽ എല്ലാ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക വകയിരുത്തി വരുന്നു. കൂടാതെ വിവിധ ക്ഷേമ പെൻഷനുകളുടെ നിരക്കുകൾ വർദ്ധിക്കുമ്പോഴും ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധന നിമിത്തവും ഉണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിനായി അധിക ധനാനുമതി വഴിയും ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയും തുക അനുവദിച്ചു നൽകുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾക്കാവശ്യമായി വരുന്ന അധിക വിഹിതവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ). സർക്കാർ ചെലവിന്റെ മുൻഗണന നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ? | സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പം അടിസ്ഥാന വികസന മേഖലകൾക്കും പുത്തൻ വളർച്ചാ മേഖലകൾക്കും മുൻഗണന നൽകുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br>2010-11 സാമ്പത്തിക വർഷത്തിൽ കൃഷി, പരമ്പരാഗത തൊഴിൽ മേഖലകൾ, അടിസ്ഥാനക്ഷേമപ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്.<br>ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, വിദ്യാഭ്യാസം, ഐ.റ്റി., ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 159 – 28.12.2010 ൽ മറുപടിക്ക്

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച വായ്പാ പാക്കേജ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.പി.ടി.എ.റഹീം | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ബഹു:ധനകാര്യ വകുപ്പു മന്ത്രി |
| (എ) | കെ.എഫ്.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തെ പീഡിത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ വായ്പ അനുവദിച്ചു. പ്രവാസി മലയാളികൾക്ക് 7% പലിശ നിരക്കിൽ നൽകി വന്നിരുന്ന പുനരധിവാസ വായ്പാ കാലാവധി ഈ സാമ്പത്തിക വർഷാവസാനം വരെ ദീർഘിപ്പിച്ചു. ഊർജ്ജ സംരക്ഷണ പദ്ധതികൾക്കായി 5% നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സാധാരണ നിരക്കിൽ നിന്നും 1% വരെ കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ പദ്ധതിയുണ്ട്. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന സംരംഭകർക്ക് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി നൽകാനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ, മേഖലാ തല ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക വഴി ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി. പുതു |

| | | |
|---|---|---|
| | | തലമുറകളോടും മറ്റു ധനകാര്യ സ്ഥാപനങ്ങളോടും കിടപിടിക്കത്തക്കവണ്ണം പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണത്തിനു വേണ്ടി കോർ ഫിനാൻഷ്യൽ സൊല്യൂഷൻ പാക്കേജിന് ടി.സി.എസ്-ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. കെ.എഫ്.സിയുടെ എല്ലാ പ്രവർത്തന മേഖലകളിലും പ്രൊഫഷണലിസം നടപ്പിലാക്കിയിട്ടുണ്ട്. ജില്ലകൾ തോറും വ്യവസായ സംരംഭകരുടെ മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും അവരുടെ ആവശ്യങ്ങൾ നേരിട്ട് കെ.എഫ്.സി ഉദ്യോഗസ്ഥർ കേൾക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപമായി 791 ലക്ഷം രൂപ സർക്കാരിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതു കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള 75 കോടി രൂപയുടെ വായ്പയ്ക്കും ഫെഡറൽ ബാങ്കിൽ നിന്നുള്ള 100 കോടി രൂപ വായ്പയ്ക്കും സംസ്ഥാന സർക്കാരിന്റെ NOC നൽകുകയുണ്ടായി. അതോടൊപ്പം കെ.എഫ്.സിയുടെ 200 കോടി രൂപയുടെ നിർദ്ദിഷ്ട കടപത്രത്തിനും, ഹഡ്കോയിൽ നിന്നും വാങ്ങാനുദ്ദേശിക്കുന്ന 200 കോടി രൂപയുടെ വായ്പയ്ക്കും സർക്കാർ ഗ്യാരണ്ടി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ചെറുകിട – ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച 500 കോടി രൂപയുടെ വായ്പാ പാക്കേജ് പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഇത്തരം ഒരു പാക്കേജ് കെ.എഫ്.സിയിൽ നടപ്പിലാക്കിയിട്ടില്ല. |
| (സി) | ചെറുകിട – ഇടത്തരം വ്യവസായികൾക്ക് കെ.എഫ്.സി മുഖേന കഴിഞ്ഞ വർഷം എന്തു തുകയുടെ സബ്സിഡി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | ചെറുകിട – ഇടത്തരം വ്യവസായികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 30,99,112/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ വർഷം എന്ത് തുകയുടെ വായ്പ അനുവദിച്ചു; ഈ വർഷം ഇതു വരെ എന്ത് തുക വായ്പയിനത്തിൽ അനുവദിച്ചു എന്നും വ്യക്തമാക്കുമോ? | കഴിഞ്ഞ സാമ്പത്തിക വർഷം 615.92 കോടി രൂപയുടെ വായ്പ അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 30.11.2010 വരെ 152.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 160

28.12.2010 ൽ
മറുപടിയ്ക്ക്

## സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി

ചോദ്യം

ശ്രീ. അടൂർ പ്രകാശ് ;
ശ്രീ. കെ. അച്യുതൻ ;
ശ്രീ. എം. മുരളി ;
ശ്രീ. പി.സി. വിഷ്ണുനാഥ് ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ ചില്ലറ വിൽപ്പന വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ;

എ) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി എഫ്.സി.ഐ നിബന്ധന പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ വഴി വിതരണം നടത്തുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ സപ്ലൈകോ നടത്തുന്ന പ്രവർത്തനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ബി) സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി ഗുണമേന്മ പരിശോധന നടത്തി പാസ്സാക്കുന്നതു വരെയുള്ള ജോലികളാണ് നോഡൽ ഏജൻസി എന്ന നിലയിൽ സപ്ലൈകോയ്ക്ക് നിർവ്വഹിക്കാനുള്ളത്. ഈ പ്രവർത്തനം പരാതിക്കിടയില്ലാത്ത വിധം സപ്ലൈകോ നടപ്പിലാക്കി വരുന്നുണ്ട്.

സി) നടപ്പു വർഷം ഇതുവരെ എതൊക്കെ ജില്ലകളിൽ നിന്നും എത്ര മെട്രിക് ടൺ വീതം നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ;

സി) നടപ്പു വർഷം 2010-11 ഒന്നാം സീസണിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നി ജില്ലകളിൽ നിന്നായി 1,25,000 മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

2010-11 ഒന്നാം സീസൺ

| ജില്ല | ലക്ഷ്യം | 20.12.10 വരെ സംഭരിച്ചത് |
|---|---|---|
| ആലപ്പുഴ | 37500 മെ.ടൺ | 34584 മെ.ടൺ |
| എറണാകുളം | 100 മെ.ടൺ | - |
| കോട്ടയം | 20000 മെ.ടൺ | 20406 മെ.ടൺ |
| പാലക്കാട് | 67000 മെ.ടൺ | 40675 മെ.ടൺ |
| തൃശ്ശൂർ | 400 മെ.ടൺ | 260 മെ.ടൺ |
| ആകെ | 125000 മെ.ടൺ | 95925 മെ.ടൺ |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ സപ്ലൈകോയ്ക്ക് കഴിയാത്ത സാഹചര്യത്തിൽ ഈ രംഗത്ത് സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | ഡി) | നടപ്പു സാമ്പത്തിക വർഷം തുടർച്ചയായുണ്ടായ മഴ മൂലം വിളവെടുപ്പിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. കൂടാതെ നെല്ല് സംഭരണത്തിൽ വന്ന കുറവ് പ്രധാനമായും സൂചിപ്പിക്കുന്നത് ഓപ്പൺ മാർക്കറ്റിൽ നെല്ലിന് ന്യായമായ വില ലഭിക്കുന്നുണ്ട് എന്നുള്ളതാണ്. നെല്ല് സംഭരണത്തിന്റെ പ്രഖ്യാപിത ലക്ഷ്യം തന്നെ കർഷകർക്ക് നെല്ലിന് ന്യായമായ വില ലഭ്യമാക്കുക എന്നുള്ളതായതുകൊണ്ട് സംഭരണത്തിലെ കുറവ് പോരായ്മയായി കണക്കാക്കേണ്ടതില്ല. |
| ഇ) | അടുത്ത വിളവെടുപ്പ് സീസണിൽ സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിൽ നിന്നും എത്ര മെട്രിക് ടൺ നെല്ല് സംഭരിക്കാനും അരിയാക്കി പൊതുവിതരണത്തിനായി നൽകാനും കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഇ) | അടുത്ത വിളവെടുപ്പ് സീസണായ 2010-11 രണ്ടാം സീസണിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും 3,00,000 മെ.ടൺ നെല്ല് സംഭരിക്കുവാനും അരിയാക്കി പൊതുവിതരണത്തിനും നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. |

**2010-11 രണ്ടാം സീസൺ**

| ജില്ല | ലക്ഷ്യം |
|---|---|
| ആലപ്പുഴ | 125000 മെ.ടൺ |
| എറണാകുളം | 500 മെ.ടൺ |
| കോട്ടയം | 35500 മെ.ടൺ |
| പാലക്കാട് | 90000 മെ.ടൺ |
| മലപ്പുറം | 4000 മെ.ടൺ |
| പത്തനംതിട്ട | 5000 മെ.ടൺ |
| തൃശ്ശൂർ | 50000 മെ.ടൺ |
| ആകെ | 300000 മെ.ടൺ |

(signature)

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം - സമ്മേളനം.

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.161. 28.12.2010 – ൽ മറുപടിക്ക്.

## മാന്ദ്യവിരുദ്ധ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ | ഡോ .റ്റി.എം. തോമസ് ഐസക്.<br>ബഹു: ധനകാര്യ വകുപ്പ് മന്ത്രി. |

| | | |
|---|---|---|
| എ | മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് വിവിധ വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് 2009-10 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 3076 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 878.15 കോടി രൂപയും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1756.35 കോടി രൂപയും കെട്ടിടങ്ങൾക്ക് 440.92 കോടി രൂപയും ഉൾപ്പെടുന്നു. ഇതിന് പുറമെ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം,പാലക്കാട് എന്നീ ജില്ലകളിലെ ടൂറിസം റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 86.16 കോടി രൂപയുടെ പ്രത്യേകഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമായി 478.61 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ കനാലുകളുടെയും റഗുലേറ്റർ കം ബ്രിഡ്ജു കളുടെയും നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി 519.44 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ജലഅതോറിറ്റിക്ക് ഈ സാമ്പത്തിക വർഷം മാന്ദ്യവിരുദ്ധ പാക്കേജിനായി 20 കോടി രൂപ വകയിരുത്തിട്ടുണ്ട്. ഇവയ്ക്കു പുറമെ കൃഷി, സ്പോർട്സ് ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കെ. എസ്. ഐ.ഡി.സിയുടെ പാർക്കുകളിലേക്ക് 163 കോടി രൂപയുടെ റോഡു നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. 3000 കോടി രൂപയുടെ ഇ.എം.എസ് പാർപ്പിട പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | |
| ബി | പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾ നടത്തിയ പ്രവർത്തനം ധനകാര്യ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ: | ഇതിന്മേൽ നടപടി സ്വീകരിക്കേണ്ടത് വിവിധ ഭരണ വകുപ്പുകളാണ്. |
| സി | നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 162 — 28.12.2010 - ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. ബാബുപോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പൺ മാർക്കറ്റിൽ ഒന്നാം തരം സാധനങ്ങളുടെ വില ഈടാക്കി രണ്ടാം തരവും മൂന്നാംതരവും സാധനങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി). ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) ഉപഭോക്താക്കളെ ഇത്തരം തട്ടിപ്പുകളിൽ നിന്നും രക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചു -വരുന്നതെന്ന് വ്യക്തമാക്കുമോ; | |
| (സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരവും വില നിലവാരവും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) പൊതു വിപണിയിൽ വിറ്റഴിക്കപ്പെടുന്ന സാധനങ്ങളുടെ വിലനിലവാരം പ്രദർശിപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാരികൾക്കെതിരെ അവശ്യ സാധന നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നു. വിലനിലവാരം പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ താലൂക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. പൊതുവിപണിയിലെ അനാശാസ്യ പ്രവണതകൾ തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ലീഗൽ മെട്രോളജി, ആരോഗ്യം, നികുതി, റവന്യൂ, പോലീസ് വകുപ്പുകളുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡ് നിരന്തര പരിശോധന നടത്തുന്നുണ്ട്. അത്തരം |

പരിശോധനകളിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിൽക്കാൻ ശ്രമിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. വിലനിലവാരം പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം പാലിക്കാത്തവർക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾവെളിപ്പെടുത്തുമോ?

(ഡി) സപ്ലൈകോ വഴി വിതരണം നടത്തുന്ന സാധനങ്ങളുടെ വിലനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. സപ്ലൈകോ വഴി വിൽക്കുന്ന അവശ്യ സാധനങ്ങളുടെ വില സർക്കാർ തലത്തിലും മറ്റുള്ളവയുടെ വില സപ്ലൈകോ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുമാണ് നിശ്ചയിക്കുന്നത്. ഇതിനായി ശാസ്ത്രീയ വില നിർണ്ണയ രീതിയാണ് സപ്ലൈകോ അവലംബിച്ചിരിക്കുന്നത്. അവശ്യ സാധനങ്ങളുടെ പൊതു വിപണി വിലകളേയും ഉത്പാദനകേന്ദ്രങ്ങളിലേയും വിലകൾ സമയ ബന്ധിതമായി പരിശോധിച്ച് വാങ്ങൽ വിലകളും വിൽപ്പന വിലകളും ക്രമീകരിച്ചിട്ടുണ്ട്. പൊതുവിപണിയിൽ അമിതമായ വില കയറാതിരിക്കുന്നതിനുള്ള നടപടികളും പൊതുവിപണിവിലകൾ കൂടുന്ന മുറയ്ക്ക് മാർക്കറ്റിൽ കൂടുതൽ സാധനങ്ങൾ ലഭ്യമാക്കുക വഴിയും വിലകൾ പിടിച്ചു നിർത്താൻ കഴിയുന്നു. സപ്ലൈകോ വില്പനശാലകളിലെ വില നിർണ്ണയം പരിശോധിക്കാൻ ശക്തമായ വിജിലൻസ് സ്ക്വാഡുകളും ഓഡിറ്റ് സംവിധാനവും നിലവിലുണ്ട്. ഇവയുടെ പരിശോധനകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില നിലവാരം കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതിനു പുറമേ ഹെഡ് ഓഫീസ് തലത്തിൽ ഒരു മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഡിപ്പോ തലങ്ങളിൽ പരിശോധിക്കുന്നത് ബന്ധപ്പെട്ട ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, സ്റ്റോക്ക് കസ്റ്റോഡിയൻ എന്നിവരാണ്. കൂടാതെ ജില്ലാ തലങ്ങളിൽ ക്വാളിറ്റി പരിശോധനയ്ക്ക് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുണ്ട്. ഡിപ്പോ തലങ്ങളിലെ പരിശോധനയ്ക്ക് ശേഷം തുടർന്നുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുടെ പരിശോധനയിൽ ഉല്പന്നങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസ-

രിച്ചുള്ളവ അല്ലെങ്കിൽ ഇവ തിരസ്കരിക്കാനും കരാറുകാരിൽ നിന്നും മാറ്റി വാങ്ങാനുള്ള സംവിധാനവും ഉണ്ട്. ഗുണനിലവാരം പരിശോധിക്കുന്നത് ബഹുമാനപ്പെട്ട ഇ.കെ. മുരളീധരൻ കമ്മീഷൻ അംഗീകരിച്ച ക്വാളിറ്റി മാന്വുവൽ പ്രകാരമാണ്. ഉല്പന്നങ്ങളുടെ ജൈവ സൂക്ഷ്മാണു പരിശോധന നടത്താൻ കോന്നിയിലുള്ള സി.എഫ്.ആർ.ഡി.-ൽ വ്യവസ്ഥയുണ്ട്. ഡിപ്പോകളിൽ നിന്ന് ഔട്ട് ലെറ്റ് തലങ്ങളിലേക്ക് അയയ്ക്കുന്ന സാധനങ്ങൾ ഔട്ട് ലെറ്റ് തലങ്ങളിൽ പരിശോധിക്കാനും അവ വൃത്തിയാക്കൽ പ്രക്രിയ ചെയ്യുവാനും വ്യവസ്ഥയുണ്ട്. കോർപ്പറേഷനിലുള്ള വിജിലൻസ് വിഭാഗം എല്ലാ മാസവും സംസ്ഥാനത്തുള്ള ഡിപ്പോകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഉപഭോക്താവിന് ഗുണമേന്മയിൽ സംശയം തോന്നുന്ന പക്ഷം അത്തരം സാധനങ്ങൾ മടക്കി നൽകിയാൽ സാധനങ്ങളുടെ മുഴുവൻ വിലയും ഉപഭോക്താവിന് തിരികെ നൽകുവാനുള്ള സംവിധാനവും നിലവിൽ ഉണ്ട്. ഇവയുടെ വിവരം ശേഖരിക്കാൻ വില്പന ശാലകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽ നടപടി കൈകൊള്ളുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 163.

28..12..2010-ൽ മറുപടിക്ക്

### "അന്യ സംസ്ഥാനത്തു നിന്നുള്ള പാൽ വിതരണം"

**ചോദ്യം**

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി.
ശ്രീ. കെ.വി. അബ്ദുൾ ഖാദർ.
ശ്രീ. എം.എം. ആരിഫ്.
ശ്രീ. കെ.ടി. ജലീൽ.

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)

(എ) ക്ഷീരവികസന വകുപ്പിൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസ് മുഖാന്തിരം കേരളത്തിലുടനീളം വിപണനം നടത്തുന്ന എല്ലാത്തരം ബ്രാൻഡു പാലുകളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നു. കൂടാതെ, MMPR 92 പ്രകാരം പാൽ ഗുണ നിലവാരം പരിശോധിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ആലത്തൂർ MMPO ഡയറി ലാബിലും പരിശോധനാ സംവിധാനം നിലവിലുണ്ട്. കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ച സ്റ്റേറ്റ് ഡയറി ലാബിലും പാൽ ഗുണ നിലവാര പരിശോധനയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിസ്റ്റ് ലാബും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്കായി എടുക്കുന്ന പാലിന്റെ സാമ്പിളുകൾ ടി ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും പരിശോധനയിൽ പി.എഫ്.എ. നിഷ്കർഷിക്കുന്ന ഗുണ നിലവാരം പുലർത്താത്ത പാൽ വിൽക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

മിൽമ വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് മിൽമയുടെ എല്ലാ ഡയറികളിലും ആധുനിക സംവിധാനങ്ങളോട് കൂടിയ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികൾ നിലവിലുണ്ട്. പാൽ സംഭരണം മുതൽ വിതരണം വരെ

പൂർണ്ണമായും ഗുണ നിലവാര പരിശോധന നടത്തിയതിനു ശേഷം മാത്രമാണ് വിതരണത്തിനയയ്ക്കുന്നത്.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം സംബന്ധിച്ച് പരിശോധന നടത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഓണക്കാലത്ത് കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം പരിശോധിക്കുവാൻ ക്ഷീര വികസന വകുപ്പ് ചെക്ക് പോസ്റ്റുകളിൽ താത്ക്കാലിക സംവിധാനം ഏർപ്പെടുത്തി വരുന്നു. ചെക്ക് പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാൽ മിൽമയുടെ ഡയറികളിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം മാത്രമേ സ്വീകരിക്കുന്നുള്ളൂ. ഈ കാരണത്താൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ കൊണ്ട് വരുന്ന പാൽ തികച്ചും സുരക്ഷിതവും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതുമാണ്.

(സി) പാലിൽ മായം ചേർക്കുന്നത് തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ;

(സി) ക്ഷീരവികസന വകുപ്പും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ പ്രതിദിനം കേരളത്തിൽ എത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം 3-5 ലക്ഷം ലിറ്റർ പാൽ കേരളത്തിൽ എത്തുന്നുണ്ട്. ഉത്സവ സമയങ്ങളിൽ അത് 10 മുതൽ 12 ലിറ്ററായി വർദ്ധിക്കുന്നു. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുമാണ് പാൽ എത്തുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *164

28.12.10-ൽ
മറുപടിക്ക്

<u>നിരുത്തരവാദപരമായി പെരുമാറുന്ന റേഷൻ ഷോപ്പുകൾക്കെതിരെ നടപടി</u>

<u>ചോദ്യം</u>

ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി.സി. ജോർജ് :

<u>ഉത്തരം</u>

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ റേഷൻ ഷോപ്പ് നടത്തുന്നവർ, കാർഡുടമകൾക്കു യഥാസമയം ഭക്ഷ്യസാധനങ്ങൾ, മണ്ണെണ്ണ തുടങ്ങിയവ നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഇത്തരത്തിലുള്ള സംഭവങ്ങൾ ഫലപ്രദമായി തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) സംസ്ഥാനത്തെ റേഷൻ ഷോപ്പ് ഉടമകൾ, കാർഡ് ഉടമകൾക്ക് യഥാസമയം ഭക്ഷ്യ സാധനങ്ങൾ, മണ്ണെണ്ണ മുതലായവ നൽകുന്നില്ല എന്ന ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനുംറേഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിനും എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ നിലവിലുള്ള പരിശോധനകൾക്ക് പുറമേ, റേഷൻ വിതരണം അവലോകനം ചെയ്യുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും രണ്ട് സോണൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. നോർത്ത് സോണിൽ കോഴിക്കോട് ഡെപ്യൂട്ടി കൺട്രോളറുടേയും സൗത്ത് സോണിൽ സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് ആഫീസറുടെയും നേതൃത്വത്തിൽ പ്രസ്തുത മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന്, സിവിൽ സപ്ലൈസ് വകുപ്പിന് പുറമെ ലീഗൽ മെട്രോളജി , പോലീസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലും പരിശോധന നടത്തുന്നുണ്ട്. കൂടാതെ പൊതുവിതരണസംവിധാനം പരാതികൾക്കിട നൽകാതെ കാര്യക്ഷമവും സുതാര്യവുമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുക, അതു സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക, തുടങ്ങിയ കാര്യങ്ങൾക്കായി സംസ്ഥാന-ജില്ലാ-താലൂക്ക് തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തല കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമാണ്. കൂടാതെ

(തുടർച്ച........)

വാർഡ് മെമ്പർമാർ നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരെ കൂടാതെ ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധികളേയും പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലം മുതൽ പഞ്ചായത്ത് തലം വരെ സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്മിറ്റികളുടെ ഫലപ്രദവും കാര്യക്ഷമ വുമായ പ്രവർത്തനങ്ങളിലൂടെ കാർഡുടമകൾക്ക് അവർക്ക് അർഹമായ റേഷൻ സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനും റേഷൻകടകളേക്കുറിച്ചുള്ള പരാതികൾ ഒഴിവാക്കാൻ കഴിയുമെന്നും സർക്കാർ കരുതുന്നു.

| | |
|---|---|
| (ബി) കാർഡുടമകൾക്ക്, റേഷൻ ഷോപ്പുകളിൽ എന്തൊക്കെ ഭക്ഷ്യ ഉല്പന്നങ്ങൾ ഉണ്ടെന്ന് അറിയുവാൻ എല്ലാ പൊതു വിതരണ കേന്ദ്രങ്ങളിലും പ്രസ്തുത വിവരം വ്യക്ത മായും കൃത്യമായും പ്രദർ ശിപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ ; | (ബി) റേഷൻ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യ വസ്തുക്കൾ അതിന്റെ അളവ്/തൂക്കം/വില എന്നിവ വ്യക്തമായി റേഷൻ കടകളിൽ എഴുതി പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ആയത് കൃത്യമായി പാലിച്ച് വരികയും ചെയ്യുന്നുണ്ട്. പരിശോധന ഉദ്യോഗസ്ഥർ ഇത് കൃത്യമായി നിരീക്ഷിച്ചു വരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന റേഷൻ കടകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഓരോ മാസവും വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവും/ തൂക്കവും/വിലയും പ്രമുഖ ദിനപത്രങ്ങളിൽ പരസ്യ പ്പെടുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ഓരോ റേഷൻകാർഡുടമകൾക്കും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ അളവ്, വിലവിവരം എന്നിവ വിശദമാക്കിക്കൊണ്ട്, 2010 നവംബർ മാസത്തിൽ എല്ലാ പ്രമുഖ ദിനപത്രങ്ങളിലും റേഷൻ ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക് എന്ന തലക്കെട്ടിൽ പരസ്യം ചെയ്തിട്ടുണ്ട്. പ്രസ്തുത പരസ്യത്തിന്റെ പകർപ്പ് എല്ലാ റേഷൻകടകളിലും പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| സി) നിരുത്തരവാദപരമായി പെരു മാറുന്ന റേഷൻ ഷോപ്പുകൾ ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (സി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തി ക്കുന്ന റേഷൻ കടകൾക്കെതിരെ നിയമാനുസൃതമായ കർശന ശിക്ഷണ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

Dolly Joseph

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: T* 165 | 28.12.2010ൽ മറുപടിയ്ക്ക്

### തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു പോൾ<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) 1991ലെ തിരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടൽത്തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററും ഉപ്പുരസ പ്രഭവമുള്ള മറ്റ് ജലാശയങ്ങളുടെ തീരത്ത് 100മീറ്റർ/ജലാശയത്തിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും കരഭാഗം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മേഖലയിൽ പതിമൂന്നോളം പ്രവർത്തനങ്ങൾക്ക് നിരോധനവും മറ്റ് ചില പ്രവർത്തനങ്ങൾക്ക് നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയെ സി.ആർ.ഇസഡ്-I, സി.ആർ.ഇസഡ്-II, സി.ആർ. ഇസഡ്-III, സി.ആർ.ഇസഡ്-IV എന്നീ വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. തീരദേശ നിയന്ത്രണ മേഖലയിൽ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. മാലിന്യ നിക്ഷേപം, ചതുപ്പ് നിലങ്ങൾ നികത്തൽ, തീരപ്രദേശങ്ങളിൽ മാത്രം കാണുന്ന ധാതുക്കൾ ഒഴികെയുള്ളവയുടെ ഖനനം, സി.ആർ.ഇസഡ്-I മേഖലയിലെ |

നിർമ്മാണം തുടങ്ങിയവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെയുള്ള ഭാഗത്തു നിന്നും ഭൂജലം പമ്പു ചെയ്യുന്നതും അനുവദനീയമല്ല. വേലിയേറ്റ രേഖയിൽ നിന്നും 50മീറ്റർ കഴിഞ്ഞ് കുടിവെള്ളത്തിനും വീട്ടാവശ്യത്തിനും മാത്രമായി സാധാരണ കിണറുകളിൽ നിന്നും ഹാൻഡ് പമ്പ് ഉപയോഗിച്ച് നിബന്ധനകൾക്ക് വിധേയമായി ഭൂജലം ഉപയോഗിക്കാവുന്നതാണ്. തീരദേശ നിയന്ത്രണ മേഖലയിൽ അനുവദനീയമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന-കേന്ദ്ര അതോറിറ്റി അനുമതി നൽകുന്നതാണ്.

2010-ലെ കരട് വിജ്ഞാപന പ്രകാരം തിരദേശ മേഖലയെ അഞ്ചായി തരം തിരിച്ചിട്ടുണ്ട്. ഇതിൽ സി.ആർ.ഇസഡ്-I, സി.ആർ. ഇസഡ്-II, സി.ആർ. ഇസഡ്-III, എന്നിവ നിലവിലുള്ള സി.ആർ.ഇസഡ്. 1991-ലെ വിജ്ഞാപനം അനുസരിച്ചുള്ളതും സി.ആർ. ഇസഡ്-IV എന്നത് ജലാശയവും(വേലിയേറ്റ രേഖയിൽ നിന്ന് ഉള്ളിലേക്ക് കടലിനു നേർക്ക് 12 നോട്ടിക്കൽ മൈൽ ദൂരത്തിലുള്ള ജലമേഖല വേലിയേറ്റ സ്വാധീനത്തിലുൾപ്പെടുന്ന ജലാശയങ്ങളുടെ സമുദ്രവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ജലമുഖം മുതൽ മൊത്തം ജലാശയം ഇതിലുൾപ്പെടുന്നു.) അഞ്ചാമത്തെ തരംതിരിവ് പ്രത്യേക പരിഗണന ആവശ്യമായ പ്രദേശങ്ങൾക്കു വേണ്ടിയാണ്. ഇതിൽ കേരളത്തിലെ

കായൽ ദ്വീപുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കായൽ ദ്വീപുകളിൽ തദ്ദേശവാസികൾക്ക് ഭവന നിർമ്മാണത്തിനായി പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

2010-ലെ കരട് വിജ്ഞാപന പ്രകാരം മത്സ്യമേഖലയ്ക്കാവശ്യമായ മീൻ സംസ്ക്കരണ സംവിധാനം, ബോട്ടുകൾ റിപ്പയർ ചെയ്യാനുള്ള സംവിധാനം, ഐസ് പ്ളാന്റുകൾ, ഐസ് സൂക്ഷിക്കാനുള്ള സംവിധാനം എന്നിവ അനുവദനീയമാണ്. 1991-ലെ സി.ആർ.ഇസഡ്. വിജ്ഞാപനത്തിൽ നിന്നും വളരെ വ്യക്തമായി പാരിസ്ഥിതികമായി വളരെ പ്രധാനമെന്ന് കണ്ടെത്തി വേമ്പനാട് കായലിനെ അതീവ ഗുരുതരമാം വിധം ആപത്ഭീഷണിയുള്ള മേഖലയെന്ന് പ്രഖ്യാപിക്കേണ്ടതാണെന്ന് കരട് വിജ്ഞാപനത്തിൽ പറയുന്നു. വേമ്പനാടിന്റെ സി.ആർ.ഇസഡ്. പ്രദേശത്തിന്റെ സംരക്ഷണത്തിനായി ഒരു സമഗ്രമായ പരിപാലന പദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുകയുള്ളൂ. അത്തരം ഒരു സമഗ്ര പരിപാലന പദ്ധതിക്ക് അംഗികാരം ലഭിച്ച് വിജ്ഞാപനം പുറപ്പെടുവിക്കും വരെ പരമ്പരാഗത നിവാസികളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും

| | | | |
|---|---|---|---|
| | | | സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയോടെ ചെയ്യാവുന്നതാണ് എന്ന് കരട് വിജ്ഞാപനത്തിൽ പറയുന്നു. |
| (ബി) | ഈ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ തൊഴിലാളികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | തീരദേശ മേഖലയിൽ, മത്സ്യ ത്തൊഴിലാളികൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല.<br><br>2010-ലെ കരട് വിജ്ഞാപനത്തിൽ ടി നിർദ്ദേശങ്ങൾക്ക് മാറ്റം വരുത്തിയിട്ടില്ല. |
| (സി) | കടലിന്റെ എത്ര ദൂരം തീരദേശ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്; | (സി) | 1991-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം കടലിന്റെ ഭാഗം(water body) വിജ്ഞാപന ത്തിന്റെ പരിധിയിൽ അല്ല.<br><br>എന്നാൽ 2010-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കരട് വിജ്ഞാപനത്തിൽ കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ കടലിന്റെ ഭാഗവും നിയന്ത്രണ വിധേയ മാക്കിയിട്ടുണ്ട്. |
| (ഡി) | കടൽക്കരയിൽ ഇരുന്നൂറ് മീറ്ററിനുള്ളിൽ മത്സ്യ ത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് അനുമതി യുണ്ടോ; ഈ ഇരുന്നൂറു മീറ്ററിൽ ടൂറിസത്തിനും, വ്യവസായത്തിനും അനുമതി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം സി.ആർ.ഇസഡ്-III മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമല്ല. ഈ മേഖലയിൽ പുനർ നിർമ്മാണം നിബന്ധനകൾക്ക് വിധേയമായി അനുവദനീയമാണ്. സി.ആർ. ഇസഡ്-II മേഖലയിൽ നിലവിലുള്ള അംഗീകൃത കെട്ടിടത്തിന്റെയോ |

1991-ൽ നിലവിലുണ്ടായിരുന്നതോ സംസ്ഥാന തീരദേശ പരിപാലന പ്ലാൻ പ്രകാരം ശുപാർശ ചെയ്തതോ ആയ റോഡുകളുടെ കരഭാഗത്ത് ഭവന നിർമ്മാണം അനുവദനീയമാണ്. വേലിയേറ്റ രേഖയിൽ നിന്നും 200മീറ്ററിനകത്ത് ടൂറിസത്തിനും വ്യവസായത്തിനും വേണ്ടിയുള്ള നിർമ്മാണങ്ങൾ അനുവദനീയമല്ല.

2010-ലെ കരട് വിജ്ഞാപന പ്രകാരവും ഭവന നിർമ്മാണത്തിന് കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200മീറ്റർ ദൂരത്ത് നിലവിലുള്ള വിജ്ഞാപനത്തിലെ വ്യവസ്ഥകൾ തന്നെയാണുള്ളത്. ടൂറിസം പദ്ധതികൾക്ക് 200മീറ്ററോ കരടു വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ആപൽരേഖ ഏതാണോ കൂടുതൽ ആ പ്രദേശങ്ങളിൽ മാത്രമേ ടൂറിസം പദ്ധതികൾ അനുവദിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.166 28.12.2010 ൽ മറുപടിയ്ക്ക്**

**<u>മുല്ലപ്പെരിയാർ അണക്കെട്ട്</u>**

**ചോദ്യം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**ശ്രീ. എൻ. രാജൻ**
**ശ്രീമതി. ഇ.എസ്.ബിജി മോൾ**
**ശ്രീ. പള്ളിപ്രം ബാലൻ**

**ഉത്തരം**

**ശ്രീ. വി. എസ്. അച്യുതാനന്ദൻ**
**(ബഹു. മുഖ്യമന്ത്രി)**

| | |
|---|---|
| (എ) മുല്ലപ്പെരിയാർ അണക്കെട്ട് ഭൂകമ്പ സാദ്ധ്യതയുള്ള മേഖലയിലാണെന്ന് റിപ്പോർട്ടുകളുണ്ടോ ; ഇത് സംബന്ധിച്ച എത്ര പഠന റിപ്പോർട്ടുകൾ നിലവിലുണ്ട്; ഈ റിപ്പോർട്ടുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ ; | എ) മൂന്ന് റിപ്പോർട്ടുകൾ നിലവിലുണ്ട്. ഈ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |
| (ബി) ഈ പഠന റിപ്പോർട്ടുകളിന്മേലുള്ള തമിഴ്നാടിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; , ഉണ്ടെങ്കിൽ വിശദമാക്കുമോ ; | ബി) ഇല്ല |
| (സി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് വരുന്നതു സംബന്ധിച്ച് തമിഴ്നാട് ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ? | സി) ബലപ്പെടുത്തൽ നടപടികൾക്കുശേഷം നിലവിലുള്ള ഡാം തികച്ചും പുതിയ ഡാം പോലെ ബലമുള്ള താണെന്നും മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയേണ്ട ആവശ്യമില്ലെന്നുമാണ് മന്ത്രി , മുഖ്യമന്ത്രിതല ചർച്ചകളിൽ തമിഴ്നാട് അഭിപ്രായപ്പെട്ടത് |

Kumar
സെക്ഷൻ ഓഫീസർ

# Annexure

**1)** Seismic studies on Mullaperiyar Baby dam:- by Prof. R. N. Iyengar,II Sc,Bangalore.

The Periyar dam site is in Zone III as per the BIS code IS 1893. The study indicates that the Mullaperiyar-Baby dam may not be able to resist likely future earth quakes without undergoing structural damage.

**2)** Stability of Mullaperiyar Dam in the light of recent earth quakes : Report by Expert Committee (2001 ) consisting of CESS, Prof. R. N. Iyengar ,I I Sc,Bangalore,KSEB, Irrigation Department.

The Mullaperiyar Dam is situated in an area that is close to a known seismic source zone in Kerala. Many of the potential geological structures seem to extend into the dam site. The study suggests that even by retaining the water level at 136 ft, the ground motion from a moderate earth quake can be damaging to the dam. The response of the dam with a MWL of 155 ft to a moderate earth quake can be worse.

Recommendations:

1) It is not prudent to increase the mean water level in the Mullaperiyar Dam from the existing level of 136 ft under any circumstances.

2) A dam break analysis is recommended considering the possibility for a structural failure.

3) The Committee notes that a proper Reservoir Safety Act does not exist in the country. The state can take the lead in formulating a suitable Legislation to pass a Reservoir Safety Act. Efforts are also required to monitor the dam after deformation , crack propagation and seepage from the dam.

**3)** Reports on Seismic Stability of Mullaperiyar Composite Dam - I. I. T. Roorkee.

Recommendations :

1) The finite element analysis of dam subjected to static and seismic loading shows tensile stresses at the heel of dam foundation inter face.

2) The Main Mullaperiyar Dam under Design Based Earthquake condition under reservoir level of 136 ft , the tensile stresses induced at the dam heel are more than double the permissible value for RR masonry.

3) Under maximum credible Earth quake condition , the maximum tensile stress at the heel of the dam under the reservoir level of 136 ft , far exceeds the ultimate apparent seismic tensile strength. On the basis of the above study it is found that the static tensile stresses and combined static plus earth quake tensile stresses at heel of the Main dam exceed the average ultimate tensile strength of RR masonry and therefore the main dam during static plus earth quake ( MCE/ DBE ) condition is likely to undergo damage.

therefore the RR masonry of the Baby dam is likely to undergo damage.

5) Based on the analysis , both the main Mullaperiyar Dam and Baby Dam are likely to undergo damage which may lead to failure under static plus earth quake condition and therefore needs serious attention.

6) Proper assessment of existing material properties is very important for the safety assessment. It is therefore recommended to carryout further testing on the dam and foundation materials.

Kumar

Section Officer

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 167** **28.12.10ൽ മറുപടിക്ക്**

**തുറമുഖ സമുദ്രയാന വ്യവസായ സംഗമം**

**ചോദ്യം**

ശ്രീ.എ.എ.ഷുക്കൂർ
ശ്രീ.ജോർജ് മേഴ്സിയർ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള
(തുറമുഖവും യുവജനക്ഷേമവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സംസ്ഥാനത്തെ തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | എ | സംസ്ഥാനത്ത് തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായുള്ള കരട് ബില്ല് 2009 വർഷം തന്നെ തുറമുഖ വകുപ്പ് തയ്യാറാക്കുകയും ആയത് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച ശേഷം 2010-ൽ മന്ത്രിസഭയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളാ മരിടൈം ബോർഡ് ബിൽ നിയമസഭയുടെ പരിഗണനയിലാണ്. |
| ബി | ഇതിനായി സംസ്ഥാന സർക്കാരിന് പുറമേ ഏതൊക്കെ ഏജൻസികളുടെ സഹകരണമാണ് പ്രതീക്ഷിക്കുന്നത് ; | ബി | ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തുറമുഖ വകുപ്പ് എന്നിവ സംയോജിപ്പിച്ചാണ് കേരളാ മാരിടൈം ബോർഡ് രൂപീകരിയ്ക്കുന്നത്. അതോടൊപ്പം കേന്ദ്ര മാരിടൈം ഏജൻസികളായ കോസ്റ്റ് ഗാർഡ്, നേവി, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, എന്നീ സ്ഥാപനങ്ങളുടെ സഹകരണം ആദ്യഘട്ടത്തിൽ പ്രതീക്ഷിക്കുന്നു. |
| സി | സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കാനായി തുറമുഖ സമുദ്രയാന വ്യവസായ സംഗമം നടത്തുന്നതിനായി എന്തൊക്കെ നടപടികളാണ് വിഭാവന ചെയ്തിട്ടുള്ളത് ? | സി | സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിംഗ്, മാരിടൈം ബിസിനസ്സ് കോൺക്ലേവ് എന്നിവ 2010 നവംബറിൽ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള വിവിധ തുറമുഖങ്ങളുടെ വികസനത്തിന് വേണ്ടി പ്രത്യേകം ശിൽപശാലകൾ നടത്തുവാനും പരിപാടിയുണ്ട്. |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.168 28.12.2010 ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ**

**ചോദ്യം**

ശ്രീ. കെ.കെ. ദിവാകരൻ
ശ്രീ. എം. ചന്ദ്രൻ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീമതി. കെ.എസ്. സലീഖ

**ഉത്തരം**

ശ്രീ. വി. എസ്. അച്യുതാനന്ദൻ
(ബഹു. മുഖ്യമന്ത്രി)

| | |
|---|---|
| (എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദാക്കുമോ; | (എ) 1988 മുതൽ പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചു. നാളിതുവരെ മുഖ്യമന്ത്രിതലത്തിലും മന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും സെക്രട്ടറിതലത്തിലും നിരവധി അന്തർ സംസ്ഥാന ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ ഈ ചർച്ചകളിലൊന്നും ഇരു സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയത്തിൽ എത്തുവാൻ സാധിക്കാത്തതിനാൽ പുനരവലോകനം പൂർത്തിയായിട്ടില്ല. |

| | |
|---|---|
| | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30.05.2008 ൽ തിരുവനന്തപുരത്ത് വച്ച് കേരള തമിഴ്നാട് ചീഫ് സെക്രട്ടറിമാർ സമ്മേളിച്ച് പി.എ.പി പദ്ധതി പുനരവലോകന ചർച്ച നടത്തി. ചർച്ചയിലെ തീരുമാനമനുസരിച്ച് ഇരു സംസ്ഥാനവും അവരവരുടെ വാദമുഖങ്ങൾ പരസ്പരം കൈമാറി , 27/02/2009 ൽ ചെന്നൈയിൽ വച്ച് ചീഫ് സെക്രട്ടറിതല തുടർചർച്ച നടത്തുകയുണ്ടായി. ചർച്ചയിലെ തീരുമാനപ്രകാരം കേരള ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയും തമിഴ്നാട് പൊതുമരാമത്തു വകുപ്പു സെക്രട്ടറിയും 08/04/2009-ൽ തിരുവനന്തപുരത്തു വച്ചും 24/04/2009-ൽ ചെന്നൈയിൽ വച്ചും യോഗം ചേർന്ന് ഒരു 'set of proposals' ഉണ്ടാക്കി മന്ത്രിതല ചർച്ച നടത്തുന്നതിനായി സമർപ്പിച്ചു. എന്നാൽ തമിഴ്നാട് സർക്കാർ ചീഫ് സെക്രട്ടറി തലത്തിൽ ഒരു ചർച്ച കൂടി നടത്തണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് കേരളം |

| | |
|---|---|
| | അതിനോട് യോജിക്കുകയുണ്ടായി. ഈ ചർച്ച 2010 ഒക്ടോബർ 29-ാം തീയതി തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ നവംബർ ആദ്യ ആഴ്ച നിയമസഭ സമ്മേളനം ആരംഭിക്കുമെന്നതിനാൽ ചർച്ച മാറ്റിവെയ്ക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടതിനെ തുടർന്ന് ചർച്ച മാറ്റിവച്ചു. മാറ്റിവച്ച ചർച്ച 2011 ജനുവരി 21 - ാം തീയതി തിരുവനന്തപുരത്ത് വച്ച് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) ഈ വിഷയത്തിൽ ഏറ്റവും അവസാനം തമിഴ്നാടുമായി നടത്തിയ ചർച്ച എന്നായിരുന്നു ; | (ബി) 24.04.2009 ൽ |
| (സി) ചീഫ് സെക്രട്ടറി തലത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന യോഗം മാറ്റി വയ്ക്കാൻ കാരണം എന്താണ് ; മന്ത്രിതലത്തിൽ ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; | (സി) 2010 നവംബർ ആദ്യ ആഴ്ച നിയമസഭ സമ്മേളനം ആരംഭിക്കുന്നതിനാൽ ചർച്ച മാറ്റിവെയ്ക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് 29.10.2010 ൽ നടത്താൻ തീരുമാനിച്ച ചർച്ച മാറ്റിവച്ചത്. മന്ത്രിതല ചർച്ചയ്ക്കുള്ള തീയതി തീരുമാനിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) കരാർ പുനരവലോകനം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഡി) സംയുക്ത ഗെജിംഗിലൂടെ വെളിവായ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ജലവിഹിതം വർദ്ധിപ്പിക്കണമെന്ന് ചർച്ചകളിൽ കേരളം ഉന്നയിച്ചുവരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ലെന്ന നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ഇ) ഉഭയകക്ഷി ചർച്ച അനന്തമായി നീളുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ഇ) 2011 ജനുവരി മാസം 21 - ാം തീയതി ചീഫ് സെക്രട്ടറിതല ചർച്ച നടത്താമെന്ന് കേരളവും തമിഴ്നാടും സമ്മതിച്ചിട്ടുണ്ട്. |

Kumar

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : **169.**

28..12..2010-ൽ മറുപടിക്ക്

## "ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.വി. കുഞ്ഞിരാമൻ.**<br>**ശ്രീമതി പി. അയിഷാ പോറ്റി.**<br>**ശ്രീ. കെ.ടി. ജലീൽ.**<br>**ശ്രീ. ആനത്തലവട്ടം ആനന്ദൻ.** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന സർക്കാർ മിൽക്ക്ഷെഡ് വികസന പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽമ കൊമേഴ്സ്യൽ ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം, കന്നുകുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധിക പാൽ വില നൽകൽ എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി കെ.എൽ.ഡി.ബി. കുളത്തൂപ്പുഴ, കോലാഹലമേട്, മാട്ടുപ്പെട്ടി എന്നിവിടങ്ങളിൽ ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. കുളത്തൂപ്പുഴ ഹൈടെക് ഡയറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ ഫാമുകളോട് ചേർന്ന് സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ക്ഷീരധാരാ പദ്ധതിയിലുൾപ്പെടുത്തി 30-40 ലിറ്റർ പ്രതിദിന ഉൽപ്പാദന ശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജേഴ്സി എന്നീ വിദേശ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇതിൽ നിന്നും ഉണ്ടാകുന്ന പശുക്കുട്ടികൾ |

മെച്ചപ്പെട്ട ഗുണമുള്ളതായി കണ്ടുവരുന്നു. കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് ഫോറേജ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് രോഗ വിമുക്ത മേഖലാ പദ്ധതി, ഊർജ്ജിത കന്നുകാലി വികസന പദ്ധതി, കന്നുകാലി ഫാമുകളുടെ ശക്തിപ്പെടുത്തൽ, വികസനവും പരിശീലനവും, കന്നുകുട്ടി പരിപാലന പദ്ധതി, സംരംഭക മൂലനിധി, കന്നുകാലി ഇൻഷുറൻസ് പദ്ധതി, ഭക്ഷ്യ സുരക്ഷ പദ്ധതി, വെറ്ററിനറി സർവ്വീസ്, ക്ഷീരഗംഗ പദ്ധതി, കുളമ്പു രോഗ നിയന്ത്രണത്തിനുള്ള പരിപാടി, കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം, ജീവരേഖ പദ്ധതി, വിദർഭ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്, സുനാമി പുനരധിവാസ പദ്ധതി, ഗോസുരക്ഷ, കന്നുകാലി ഇൻഷുറൻസ് എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ക്ഷീരവികസനം ലക്ഷ്യമാക്കി കേന്ദ്രത്തിനു സമർപ്പിച്ച പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽ നിന്ന് ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 10 കോടി രൂപ ക്ഷീര വികസന വകുപ്പിന് 2010-11-ൽ ലഭിച്ചിട്ടുണ്ട്.

ക്ഷീരവികസനം ലക്ഷ്യമാക്കി ഐ.ഡി.ഡി.പി. പദ്ധതിയിൽപ്പെടുത്തി മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ 17.99 കോടി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

കെ.എൽ.ഡി.ബി. 560 കോടി രൂപയുടെ പദ്ധതി 'നാഷണൽ ഡയറി പ്ലാൻ'-ന്റെ പരിഗണനയ്ക്കായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് ക്ഷീര വികസനം ലക്ഷ്യമാക്കി സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കുട്ടനാട്, ഇടുക്കി പാക്കേജുകൾ ആത്മഹത്യപ്രേരിത ജില്ലകളായ വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ

ജില്ലകളിലെ ക്ഷീര കർഷകർക്കുള്ള പുനരധിവാസ പദ്ധതിയായ വിദർഭ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, സുനാമി പുനരധിവാസ പദ്ധതി, സംയോജിത കന്നുകാലി വികസന പദ്ധതി എന്നീ കേന്ദ്രസഹായ പദ്ധതികളിൽ ക്ഷീര വികസനം ലക്ഷ്യമാക്കി കേന്ദ്രത്തിന് പദ്ധതികൾ സമർപ്പിക്കുകയും അവയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പ് ആവിഷ്ക്കരിച്ച 'ക്ഷീരഗംഗ' പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ക്ഷീരോല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരം മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ക്ഷീരഗംഗ'. പശു വളർത്തലും എരുമ വളർത്തലും സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതിയാണ്. സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ 5 ജില്ലകളിലെ 900 കർഷകർക്ക് 3 പശു, 2 എരുമ എന്നീ ക്രമത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉരുക്കളെ വാങ്ങി ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഒരു യൂണിറ്റിന് 2.5 ലക്ഷം രൂപയാണ് അടങ്കൽ തുക. ഇതിൽ ഒരു ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. 900 കർഷകർക്ക് ഒരു ലക്ഷം രൂപ വീതം 9 കോടി രൂപയാണ് ഈ പദ്ധതി വഴി ആകെ സബ്സിഡിയായി നൽകുന്നത്. ഈ പദ്ധതി പ്രകാരം 2700 സങ്കരയിനം പശുക്കളെയും 1800 എരുമകളെയും സംസ്ഥാനത്ത് പുതിയതായി കൊണ്ടു വരുന്നു.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്?

(ഡി) 180 യൂണിറ്റുകൾ വീതം 900 യൂണിറ്റു കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 250 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**

പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 170

28.12.2010 ൽ
മറുപടിയ്ക്ക്

റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യ വസ്തുക്കളിലെ വിതരണത്തിലെ ക്രമക്കേടുകൾ

ചോദ്യം
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ;
ശ്രീ. യു.സി.രാമൻ ;
ശ്രീ. എം. ഉമ്മർ ;
ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി;

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) റേഷൻ കടകളിൽ വിതരണം നടത്തേണ്ട ഗോതമ്പ് മൊത്തമായി മില്ലുകൾക്കെത്തിച്ച് പൊടിച്ച് കൂടിയ വിലയ്ക്ക് വിൽക്കുന്ന രീതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

എ) വ്യാപകമായി റേഷൻ ഗോതമ്പ് മില്ലുകളിലേക്ക് കടത്തികൊണ്ടുപോകുന്നത് സർക്കാർ ശ്രദ്ധയിൽപെട്ടിട്ടില്ല. അപൂർവ്വം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും സർക്കാർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രം അനുവദിച്ചു നല്കുന്ന 5000 മെ.ടൺ ഗോതമ്പ് പൊടിയാക്കി സപ്ലൈകോ റേഷൻ കടകൾ വഴി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു.

ബി) ബി.പി.എൽ കാർഡുടമകൾക്ക് ലഭിക്കേണ്ട വിഹിതം റേഷൻ കടക്കാർ നിഷേധിക്കുന്നതായ പരാതിക്ക് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അന്ത്യോദയ, അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യമായി ഭക്ഷ്യധാന്യം ലഭിക്കാനർഹരായവർ ആരെല്ലാം ;

ബി) വിരളമായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എൽ വിഹിതം അർഹതപ്പെട്ടവർക്ക് ശരിയായി അളവിൽ തന്നെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാതികൾ യഥാസമയം പരിഹരിച്ചിട്ടുണ്ട്. അന്ത്യോദയ പദ്ധതി പ്രകാരം സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ നല്കുന്നില്ല. അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി 65 വയസ്സ് കഴിഞ്ഞ, വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജനങ്ങൾക്ക് നൽകി വരുന്നു.

സി) രണ്ട് രൂപയ്ക്ക് അരി ലഭിക്കാൻ അർഹരായ തൊഴിലാളി വിഭാഗങ്ങളെക്കുറിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല എന്ന് പറഞ്ഞ് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ആനുകൂല്യത്തിനർഹതപ്പെട്ട വിഭാഗങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുതായി 22 വിഭാഗങ്ങളെ 2 രൂപ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ മുഴുവൻ ബി.പി. എൽ / എ.എ.വൈ കാർഡുടമകൾക്കും പുറമെ എ.പി.എൽ വിഭാഗത്തിലെ പട്ടിക ജാതി, പട്ടികവർഗ്ഗ, മൽസ്യത്തൊഴിലാളി, ആശ്രയ

കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷക തൊഴിലാളി, കയർ, കശു വണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയതൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും · ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡി) വിവിധ പദ്ധതികൾ പ്രകാരം സൗജന്യമായി അരി ലഭിക്കാൻ അർഹതപ്പെട്ടവർക്കും ബി.പി.എൽ വിഭാഗത്തിനും ലഭിക്കേണ്ട ധാന്യം അവർക്ക് കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്നും റേഷൻ വ്യാപാരികൾക്ക് ന്യായമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇനി പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഡി) അർഹതപ്പെട്ട റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പുവരുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഒറ്റയ്ക്കും പോലീസ്, ലീഗൽമെട്രോളജി തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തി വരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് / താലൂക്ക് / ജില്ലാ / സംസ്ഥാനതല, ഭക്ഷ്യോ പദേശക വിജിലൻസ് സമിതികൾ റേഷൻ സംവിധാനം നിരീക്ഷിച്ചു വരുന്നുണ്ട്. റേഷൻ വ്യാപാരികൾക്ക് നൽകി വന്നിരുന്ന കമ്മീഷൻ 1.6.09 മുതൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. മൊത്ത വ്യാപാരികൾക്ക് ക്വിന്റലിന് 6 രൂപയും ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് 9 രൂപയും വീതം വർദ്ധി പ്പിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള കമ്മീഷൻ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 171 28.12.2010-ൽ മറുപടിയ്ക്ക്

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.വി.ശശി കുമാർ<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) തിരുവനന്തപുരം -കുടപ്പനക്കുന്നിൽ അടച്ചുപൂട്ടിയിരുന്ന സംസ്ഥാനത്തെ ഏക ബ്രോയിലർ ബ്രീഡിംഗ് ഫാം നവീകരിച്ച് ആധുനിക സംവിധാനങ്ങളോടെയുള്ള ഹൈടെക്ക് ഫാമാക്കി പ്രവർത്തനം തുടങ്ങി. അവിടെ മാലിന്യ സംസ്ക്കരണത്തിന് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ബയോഗ്യാസ് സംസ്ക്കരണ പ്ളാന്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് 127 വിളക്കുകൾ കത്തിക്കുകയും ചെയ്യുന്നു. ഈ ഫാമിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും, തീറ്റയും കർഷകർക്ക് നൽകി വളർത്തുന്ന ഇന്റഗ്രേഷൻ സംവിധാനം വിപുലപ്പെടുത്തി.മാരിനേറ്റഡ് ചിക്കൻ, ചിക്കൻ സോസേജ്, കട്‌ലറ്റ്, ബോൺലെസ്സ് ചിക്കൻ തുടങ്ങിയ വൈവിധ്യവൽക്കരിച്ച ഉല്പന്നങ്ങളെ വിപണിയിൽ ടെസ്റ്റ് ലോഞ്ചിംഗ് നടത്തി അതിന്റെ വ്യാവസായിക ഉല്പാദനം തുടങ്ങി. കൊട്ടിയം ഫാമിൽ പേരന്റ് സ്റ്റോക്കിന്റെ എണ്ണം 5600 ആയി വർദ്ധിപ്പിച്ചു.<br>പേരൂർക്കടയിലും, കരമനയിലും പുതിയ ''കെപ്കോ'' ഔട്ട്ലെറ്റുകൾ സ്ഥാപിച്ചു. തിരുവനന്തപുരത്ത് സഞ്ചരിക്കുന്ന |

രണ്ട് ''കെപ്കോ'' വിപണന സ്റ്റാളുകൾ ആരംഭിച്ചു. വർഷങ്ങളായി തരിശായികിടന്ന തൃശ്ശൂരിലെ മാളയിലുള്ള 05 ഏക്കർ സ്ഥലത്ത് പുതുതായി ഒരു ഹൈടെക്ക് കോഴിവളർത്തൽ കേന്ദ്രം തുടങ്ങി. തിരുവനന്തപുരം-പേട്ടയിൽ പൗൾട്രി കോംപ്ളക്സ് നിർമ്മാണം പൂർത്തീകരിച്ചു.അവിടെ 25 ടൺ സംഭരണ ശേഷിയുള്ള വാക്ക്-ഇൻ-ഫ്രീസർ സ്ഥാപിച്ചു.

ഒറ്റ ഷിഫ്റ്റിൽ 16 ടൺ തീറ്റ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള കോഴിത്തീറ്റ പ്ളാന്റ് കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചു. അവിടെ പുതുതായി നവീന രീതിയിലുള്ള താറാവ് വളർത്തൽ കേന്ദ്രം ആരംഭിച്ചു. ഫീഡ് അനലിറ്റിക്കൽ ലാബ് കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പുതുതായി സ്ഥാപിച്ചു.

തൃശ്ശൂർ ജില്ലയിലെ മാളയിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തും തിരുവനന്തപുരത്തെ കുടപ്പനക്കുന്നിലും പുതുതായി ഹാച്ചറികൾ സ്ഥാപിച്ചു. കൊട്ടിയം ലെയർ ബ്രീഡിംഗ് ഫാമിൽ പേരന്റ് സ്റ്റോക്കിന്റെ എണ്ണവും കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വർദ്ധിപ്പിച്ചു.

ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

ബി) പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.
1.ഗ്രാമം നിറയെ കോഴികൾ
2.കോഴി വളർത്തൽ ഗ്രാമങ്ങൾ
3.വീട്ടമ്മയുടെ അരുമക്കോഴികൾ
4.കെപ്കോ ഗ്രാമങ്ങൾ
5.കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് (സ്കൂൾ പൗൾട്രി ക്ളബ്ബുകൾ)

സി) സ്കൂൾ പൗൾട്രി ക്ളബ്ബുകൾ മുഖേന കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

സി) ഈ പദ്ധതി പ്രകാരം ഒരു കുട്ടിയ്ക്ക് 03 -കോഴി, 03-കിലോ തീറ്റ, 25 രൂപയുടെ മരുന്ന് എന്നിവ

തികച്ചും സൗജന്യമായി വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ (സർക്കാർ, എയ്ഡഡ്) സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിൽ 08,09 ക്ളാസുകളിലേയും, അപ്പർ പ്രൈമറി വിഭാഗത്തിൽ നിന്നും 06,07 ക്ളാസുകളിലേയും കുട്ടികളെയാണ് ഈ പദ്ധതിയിലേയ്ക്ക് തിരഞ്ഞെടുക്കുന്നത്. സ്കൂളിന്റെ മേലധികാരിയും, അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെ പ്രതിനിധിയും, പ്രദേശത്തെ വെറ്ററിനറി സർജ്ജനും , സ്കൂളിലെ പൗൾട്രി ക്ളബ്ബിന്റെ ഉത്തരവാദിത്വമുള്ള അധ്യാപകനും, പൗൾട്രി വികസന കോർപ്പറേഷന്റെ പ്രോഗ്രാം കോർഡിനേറ്ററും അടങ്ങുന്ന കമ്മിറ്റിയാണ് ഈ പദ്ധതി അവലോകനം ചെയ്യുന്നത്.

ഡി) എത്ര കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ ;

ഡി) 50,000 ഗുണഭോക്തക്കളായ കുട്ടികൾക്ക് ആദ്യഘട്ടത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

ഇ) പ്രസ്തുത പദ്ധതി മൂലം മുട്ട ഉല്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് പ്രതീക്ഷിക്കുന്നു?

ഇ) ഏകദേശം 03 കോടി മുട്ടയുടെ അധിക ഉല്പാദനം ഈ പദ്ധതി മൂലം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 172 28.12.10ൽ മറുപടിക്ക്

## തുറമുഖങ്ങളെ ബന്ധപ്പെടുത്തി കപ്പൽ മാർഗ്ഗമുള്ള ചരക്കുനീക്കം

ചോദ്യം

ശ്രീ.സി.എം.ദിനേശ് മണി

ശ്രീ.ആർ.സെൽവരാജ്

ശ്രീ.ബി.രാഘവൻ

ശ്രീ.എ.പ്രദീപ് കുമാർ

മറുപടി

ശ്രീ. വി.സുരേന്ദ്രൻ പിള്ള

(തുറമുഖവും യുവജനക്ഷേമവും

വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വർദ്ധിച്ചുവരുന്ന റോഡ് ട്രാഫിക് ഒഴിവാക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, കൊച്ചി , ബേപ്പൂർ, അഴീക്കൽ എന്നി തുറമുഖങ്ങളെ ബന്ധപ്പെടുത്തി കപ്പൽ മാർഗ്ഗം ചരക്കു നീക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ | റോഡ് ട്രാഫിക്കിൽ ട്രക്കുകളുടെ എണ്ണത്തിൽ 20% കുറവു വരുത്തുവാൻ ലക്ഷ്യമിട്ട് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിക്ക് 2010-2011 സാമ്പത്തിക വർഷം 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി തുറമുഖ വകുപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാൻ ഒരു കൺസൾട്ടന്റിനെ നിയമിക്കുവാനുള്ള നടപടി പൂർത്തിയായി വരുന്നു. കൂടാതെ പി.പി.പി മാതൃകയിൽ തുറമുഖങ്ങൾ വികസിപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ബി | അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ബി | അഴീക്കൽ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി ഡിലോയിറ്റ് ടച്ച് തോമസു ഇന്ത്യ (പി) ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനം തുറമുഖ വികസനത്തിനുള്ള വിശദമായ സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ ആയത് അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ ടെണ്ടർ ക്ഷണിക്കുകയും ഒരു ടെണ്ടർ ലഭിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ടെണ്ടർ സാദ്ധ്യതാ പഠന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഡിസൈനിൽ നിന്നും വ്യത്യസ്തവും ചീമേനി പവർ പ്ലാന്റ് വികസനവുമായി പൊരുത്തപ്പെടാത്തതുമായതിനാൽ തുടർനടപടികൾ സർക്കാർ ആലോചിച്ചു വരുന്നു. തുറമുഖ വികസനത്തിനുള്ള നടപടികൾ നിരീക്ഷിക്കുന്നതിനായി സർക്കാർ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരി |

| | | | |
|---|---|---|---|
| | | | ച്ചിട്ടുണ്ട്. കൂടാതെ നിലവിലുണ്ടായിരുന്ന വാർഫിന്റെ അടുത്തുതന്നെ പുതിയ ഒരു വാർഫിന്റെ പണി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പുതിയ ഒരു മൊബൈൽ ക്രെയിനും അഴീക്കൽ തുറമുഖത്ത് സ്ഥാപിച്ചു കഴിഞ്ഞു. |
| സി | കൊല്ലത്തു നിന്നും ബേപ്പൂരിൽ നിന്നും ലക്ഷദ്വീപിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | സി | കൊല്ലത്ത് നിന്ന് ലക്ഷദ്വീപിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പഠനം നടന്നുവരികയാണ്. ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപിന് ഷിപ്പിംഗ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനായി 200 മീറ്റർ ഡെഡിക്കേറ്റഡ് വാർഫ് അനുവദിച്ച് ധാരണാപത്രം 22-11-2010 തീയതിയിൽ ഒപ്പുവച്ചു. നിലവിൽ ബേപ്പൂരിൽ നിന്നു കപ്പൽ സർവ്വീസ് നടന്നുവരുന്നുണ്ട്. |
| ഡി | കൊല്ലം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി | കൊല്ലം തുറമുഖം വികസിപ്പിക്കുന്നതിനായുള്ള സാദ്ധ്യതാ പഠനം നടത്തുവാനായി സർക്കാർ ഡിലോയിറ്റ് ടച്ച് തൊമാത്സു ഇന്ത്യ(പി) ലിമിറ്റഡ് എന്ന കൺസൾട്ടന്റിനെ നിയമിക്കുകയും അവരുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. കൊല്ലം തുറമുഖത്ത് പുതിയ വാർഫിന്റെ പണി ഏറെക്കുറെ പൂർത്തിയായി. കൂടാതെ ഒരു മൊബൈൽ ക്രെയിൻ 2010 ഏപ്രിൽ മാസം ലഭ്യമാക്കി. ഒരു ഫോർക്ക് ലിഫ്റ്റിന്റെയും മൾട്ടിപർപ്പസ് ക്രെയിനിന്റേയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ബേസിനിൽ ആഴം കൂട്ടാൻ ഡ്രഡ്ജിംഗ് നടപടികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 173 | 28.12.10ൽ മറുപടിക്ക്

## തുറമുഖ നയം

ചോദ്യം

ശ്രീ.എ.എം.ആരിഫ്
ശ്രീ.പി.വിശ്വൻ
ശ്രീ.സി.കെ.സദാശിവൻ

മറുപടി

ശ്രീ. വി.സുരേന്ദ്രൻ പിള്ള
(തുറമുഖവും യുവജനക്ഷേമവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | സർക്കാരിന്റെ തുറമുഖ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | എ | ഉണ്ട്. 04/11/2004-ൽ സർക്കാർ തുറമുഖ നയം വ്യക്തമാക്കുന്ന രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | ബി | വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസനത്തിനും, നവീകരണത്തിനും പദ്ധതികൾ തയ്യാറാക്കി നടപടികൾ വിവിധ ഘട്ടത്തിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ആദ്യമായി തുറമുഖ വികസനത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യുവാൻ കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസുമായി ചേർന്ന് ഒരു മാരിടൈം കോൺക്ലേവ് നടത്തി കേരളത്തിലെ തുറമുഖ വികസനത്തിൽ വിവിധ പങ്കാളികളുടെ താൽപര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി | ഈ സർക്കാർ വന്നശേഷം ഏതെല്ലാം തുറമുഖങ്ങളുടെ വികസനത്തിനും നവീകരണത്തിനും പദ്ധതി ആവിഷ്കരിച്ചുവെന്ന് വ്യക്തമാക്കുമോ ; | സി | ഈ സർക്കാർ നിലവിൽ വന്നശേഷം അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം, മുനമ്പം, തലശ്ശേരി എന്നീ തുറമുഖങ്ങൾ വികസിപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | . | | സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ബഡ്ജറ്റ് വിഹിതവും വിവിധ കേന്ദ്ര സർക്കാർ പദ്ധതികളും വിനിയോഗിച്ച് വിവിധ തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനവും നടത്തി വരുന്നു. |
| ഡി | ഇപ്പോൾ ഏതെല്ലാം തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടക്കുന്നത്; | ഡി | പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിനായി സ്വിസ്സ് ചലഞ്ച് മാതൃകയിൽ ടെണ്ടർ ക്ഷണിക്കുകയും ആയത് സർക്കാർ പരിഗണിച്ചു വരികയും ചെയ്യുന്നു. കൊല്ലം, ആലപ്പുഴ, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ വികസനത്തിനായി കൺസൾട്ടന്റിനെ പ്രത്യേകം നിയമിക്കുകയും അവർ സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. തലശ്ശേരി തുറമുഖത്തിന്റേയും മുനമ്പം-കൊടുങ്ങല്ലൂർ തുറമുഖത്തിന്റേയും വികസനത്തിനായുള്ള രൂപരേഖയും പോർട്ട് ഡിപ്പാർട്ട്മെന്റ് ടൂറിസം വകുപ്പുമായി ചേർന്ന് തയ്യാറാക്കിവരുന്നുണ്ട്. |
| ഇ | നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ | ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 174

28.12.2010 ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള ഹൈപ്പർ മാർക്കറ്റുകൾ

ചോദ്യം

ശ്രീ. എം.മുരളി ;
ശ്രീ. ടി.എൻ.പ്രതാപൻ ;
ശ്രീ. എ.പി.അനിൽകുമാർ ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ കീഴിൽ എവിടെയൊക്കെയാണ് ഇപ്പോൾ ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത് ;

എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എറണാകുളം ഗാന്ധിനഗർ എന്ന സ്ഥലത്താണ് ഒരു ഹൈപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നത്.

ബി) ഭക്ഷ്യ വിതരണ/ വിപണന രംഗത്ത് ഇത്തരം ഹൈപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുക വഴി എന്തൊക്കെ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ ;

ബി) ഒരു ഉപഭോക്താവിന്റെ വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഉൾപ്പെടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ഗുണമേന്മയോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൈപ്പർ മാർക്കറ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ നവീന സംരംഭത്തിലൂടെ മറ്റ് സ്വകാര്യ വിൽപ്പനശാലകളിൽ ലഭ്യമാകുന്ന സാധനങ്ങൾ ഗുണമേന്മയോടും, വൈവിധ്യത്തോടും, സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകൾ ലഭ്യമാക്കുക വഴി അവയുടെ അമിത വിലവർദ്ധനവ് തടയുന്നതിനും ലഭ്യത ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ശീതീകരണ സംവിധാനം, ട്രോളി തുടങ്ങിയ ആധുനിക ഷോപ്പിംഗ് സൗകര്യങ്ങൾ അധിക ചാർജ്ജില്ലാതെ സാധാരണക്കാർക്ക് കൂടി പ്രാപ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

സി) ഇപ്പോൾ എവിടെയൊക്കെയാണ് ഇത്തരം പുതിയ ഹൈപ്പർ മാർക്കറ്റുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

സി) തിരുവനന്തപുരം, കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**
**പന്ത്രണ്ടാം കേരള നിയമസഭ**
**16 -ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 175

28.12.2010 ൽ ബഹു : ധനകാര്യ വകുപ്പ് മന്ത്രി
മറുപടി നൽകേണ്ടത്

| ദേശീയ സമ്പാദ്യ പദ്ധതി | | |
|---|---|---|
| **ചോദ്യം**<br>ശ്രീ. വി.ശശികുമാർ.<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | | **ഉത്തരം**<br>ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി |
| (എ) | ദേശീയ സമ്പാദ്യ പദ്ധതി മുഖേനയുള്ള നിക്ഷേപ സമാഹരണ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ; | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശം നൽകുമോ; | ഇതര ബാങ്കിംഗ് സ്ഥാപനങ്ങളുടെ പലിശ നിരക്കുകളിൽ വരുത്തിയ വർദ്ധനയ്ക്കനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്കിൽ വർദ്ധനവ് വരുത്താത്തത് നിക്ഷേപ സമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (01.03.2003 ന് ശേഷം ദേശീയ സമ്പാദ്യ പദ്ധതി പലിശ നിരക്കിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ല.) |

| | | |
|---|---|---|
| (സി) | കഴിഞ്ഞ വർഷത്തെ നിക്ഷേപ ലക്ഷ്യം എത്രയായിരുന്നു; ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | 2600 കോടി രൂപ.<br>ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| (ഡി) | മഹിളാ പ്രധാൻ, എസ്.എ.എസ് ഏജൻറുമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | മഹിളാ പ്രധാൻ , എസ്.എ.എസ് ഏജൻറുമാർക്ക് 10/2010 വരെയുളള പ്രോത്സാഹന അലവൻസും കഴിഞ്ഞ സാമ്പത്തിക വർഷത്തേയ്ക്കുളള ബോണസ്സും അനുവദിച്ച് നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഏജൻറുമാർക്കായി വെൽഫയർ ഫണ്ടും പെൻഷനും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) | ദേശീയ സമ്പാദ്യ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | ആവശ്യപ്പെടുന്നതാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 176 — 28-12-2010-ൽ മറുപടിയ്ക്ക്

## രക്ഷാപ്രവർത്തനങ്ങൾക്കായി യുവകർമ്മ സേന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.എം.എം.മോനായി:<br>ശ്രീമതി.കെ.കെ.ലതിക: | ശ്രീ. വി.സുരേന്ദ്രൻ പിള്ള<br>(തുറമുഖവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ദുരന്ത മേഖലകളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച യുവകർമ്മ സേനയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഇതിനായി എല്ലാ ജില്ലകളിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രഥമ ശുശ്രൂഷ, ഫയർ ഫൈറ്റിംഗ്, ശുചീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ പ്രചരണ ക്ലാസ്സുകൾ, നിയമ അവബോധം എന്നിവ ഉൾപ്പെടുത്തി ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പരിശീലനം നൽകി വരുന്നു. |
| (ബി) എല്ലാ ജില്ലകളിലും യുവകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) യുവകർമ്മസേന പഞ്ചായത്തു തലത്തിലും രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) ഭൂരിപക്ഷം പഞ്ചായത്തുകളിലും പഞ്ചായത്ത് തലത്തിൽ യുവകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട്. |

(ഇ) യുവകർമ്മസേന ഇതിനകം ഏതെല്ലാം ദുരന്തമേഖലകളിൽ രക്ഷാ പ്രവർത്തനം നടത്തിയിട്ടുണ്ട്;

(ഇ) തൃശൂർ, മലപ്പുറം, കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിലുണ്ടായ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, ഉരുൾ പൊട്ടലുണ്ടായ മേഖലകളിലും പ്രശംസനീയമായ രക്ഷാ പ്രവർത്തനം നടത്തുവാൻ യുവകർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(എഫ്) യുവകർമ്മസേനയുടെ പ്രവർത്തനത്തിന് ഈ വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(എഫ്) യുവശക്തി പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള 3,35,00,000/- രൂപയിൽ ഉൾപ്പെടുത്തി യുവകർമ്മസേനാ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.177 — 28.12.2010- ൽ മറുപടിയ്ക്ക്

ഊർജ്ജിത കന്നുകാലി വികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. എം.ജെ. ജേക്കബ്:<br>ശ്രീ. ജോർജ്ജ് എം. തോമസ്:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) ഊർജ്ജിത കന്നുകാലി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) കൃത്രിമ ബീജസങ്കലനം വഴിയുള്ള സങ്കര പ്രജനനമാണ് ഊർജ്ജിത കന്നുകാലി വികസന പദ്ധതിയുടെ മുഖ്യപ്രവർത്തനം. കെ.എൽ.ഡി. ബോർഡിൽ നിന്നും വാങ്ങുന്ന ബീജം ഈ പദ്ധതിയുടെ നിയന്ത്രണത്തിലുള്ള ബീജധാന കേന്ദ്രങ്ങൾ വഴി കന്നുകാലികളിൽ കൃത്രിമ ബീജസങ്കലനത്തിനായി സൗജന്യമായി ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം, രോഗ പ്രതിരോധ കുത്തി വയ്പ്, പുൽകൃഷിവ്യാപിപ്പിക്കൽ, ശാസ്ത്രീയ കന്നുകാലി വളർത്തലിനെ സംബന്ധിച്ച് പ്രാഥമിക ചികിത്സകൾ,കന്നുകാലി വിവരശേഖരണം മുതലായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുത്തിവയ്പ് കേന്ദ്രങ്ങൾ വഴി ബീജധാനം നടത്തുന്ന പശുക്കളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് കർഷകർക്ക് നൽകാനുള്ള കാർഡുകളുടെ വിതരണം,വന്ധ്യതാ നിവാ |

രണ ക്യാമ്പുകളുടെ സംഘാടനം എന്നിവയും ടി പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. കന്നുകാലികളിലെ വന്ധ്യത നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾക്കായി ആലുവയിൽ ഈ പദ്ധതിയുടെ കീഴിൽ ഒരു കന്നുകാലി വന്ധ്യതാ നിവാരണ ആഫീസും പ്രവർത്തിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | കൃത്രിമ ബീജ സങ്കലന സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലുമുള്ള മൃഗാശുപത്രികളിലും കൃത്രിമ ബീജധാന ഉപകേന്ദ്രങ്ങളിലും കൃത്രിമ ബീജസങ്കലന സൗകര്യം ലഭ്യമാണ്. ഈ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ എ.ഐ. സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്വകാര്യ കുത്തിവയ്പ്പു കേന്ദ്രങ്ങൾക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | വന്ധ്യതാ നിവാരണത്തിന് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. വന്ധ്യതാ നിവാരണത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികൾ വഴി ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഊർജ്ജിത കന്നുകാലിവികസന പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും വന്ധ്യതാ നിവാരണ ചികിത്സയും ബോധവൽക്കരണവും നടത്തി വരുന്നു. |
| (ഡി) | കന്നുകാലികൾക്കുള്ള രോഗപ്രതിരോധത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ് കരിച്ചിട്ടുള്ളത്; ഇതിനായി കേന്ദ്ര സർ | (ഡി) | കന്നുകാലികൾക്കുള്ള രോഗപ്രതിരോധത്തിനായി എല്ലാ തദ്ദേശ സ്വയം ഭരണ കേന്ദ്രങ്ങളിലും മൃഗചികിത്സാ സേവനങ്ങൾ (മൃഗാ |

**ക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്?**

ശുപത്രികൾ)സ്ഥാപിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രധാന കന്നുകാലി രോഗങ്ങളായ ആന്ത്രാക്സ്,കുരലടപ്പൻ, ബ്ളാക് ക്വാർട്ടർ തുടങ്ങിയവയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പിനുള്ള വാക്സിനുകൾ ഉല്പാദിപ്പിച്ച് മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കി വരുന്നു. കന്നുകാലികളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്റ്റ് പ്രവർത്തിച്ചു വരുന്നു. ഇത്തരം രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തി വയ്പുകൾക്ക് ടി പ്രോജക്റ്റ് നേതൃത്വം നൽകി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കുളമ്പുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾ കുളമ്പ് രോഗപ്രതിരോധകുത്തിവയ്പുകൾ നടപ്പാക്കിവരുന്നു. ആന്ത്രാക്സ് (അടപ്പൻ), കുരലടപ്പൻ, താറാവ് വസന്ത, കോഴി വസന്ത,പന്നിപ്പനി എന്നീ രോഗങ്ങളുടെ നിയന്ത്രണത്തിനായി 75% കേന്ദ്ര സഹായത്തോടെ 'അസ്കാഡ്' പദ്ധതി നടപ്പിലാക്കി വരുന്നു. ആടു വസന്ത ബ്രുസ്സല്ലോസിസ് എന്നീ രോഗങ്ങളുടെ പ്രതിരോധപ്രവർത്തനത്തിനായുള്ള പദ്ധതികൾ 2010-11 വർഷം 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്നു.

100% ധനസഹായത്തോടെ ദേശീയ കാലി വസന്ത നിർമ്മാർജ്ജന

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 'കാലി വസന്ത' നിർമ്മാർജ്ജനം പൂർണ്ണമായി ഉദ്ദേശിച്ചുകൊണ്ടുള്ള സ്റ്റോക്ക് റൂട്ട് സർച്ച്,വില്ലേജ് സർച്ച്,സീറോ സർവ്വയലൻസ് എന്നിവ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 178 28.12.2010 ൽ മറുപടിയ്ക്ക്

## ജൈവ വൈവിധ്യ ബോർഡിൻെറ പ്രധാന ലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ജൈവ വൈവിധ്യ ബോർഡിൻെറ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ജൈവവൈവിദ്ധ്യ ബോർഡിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>i. ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ ഘടക ഭാഗങ്ങളുടെ സുസ്ഥിര ഉപയോഗം, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുൽഭവിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വകമായ പങ്കുവെയ്ക്കൽ, ഇവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാന സർക്കാരിനെ ഉപദേശിക്കുക.<br>ii. ഭാരതീയർക്ക് ഏതെങ്കിലും ജൈവവിഭവം വാണിജ്യപരമായി ഉപയോഗിക്കുന്നതിനോ; വ്യാപ്തി നിർണ്ണയത്തിനോ,ജൈവഉപയോഗത്തിനോ |

ഉള്ള അംഗീകാരത്തിനോ മറ്റ് തരത്തിലുള്ള അപേക്ഷയോ അനുവദിക്കുന്നത് ക്രമീകരിക്കുക.

iii. 2002 ലെ ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രാവർത്തികമാക്കുവാൻ ആവശ്യമുള്ളതോ, സംസ്ഥാന സർക്കാരിനാൽ നിർദ്ദിഷ്ടമായതോ ആയ ചുമതലകൾ നിർവ്വഹിക്കുക

| | |
|---|---|
| (ബി) ബോർഡ് സംസ്ഥാനത്തു നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) 2002 ലെ ജൈവവൈവിധ്യ നിയമത്തിലെ 23-ാം വകുപ്പു പ്രകാരമുള്ള ചുമതലകളും, 2008 ലെ ജൈവവൈവിധ്യ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമുള്ള ചുമതലകളും ഈ ചുമതലകൾ നിർവ്വഹിക്കുന്നതിനായി അംഗീകരിച്ച് തയ്യാറാക്കിയിരിക്കുന്ന സംസ്ഥാന ജൈവവൈവിധ്യ തന്ത്രങ്ങളും കർമ്മപദ്ധതികളും നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ഇപ്പോൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. |

1.സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ നിർണ്ണയിക്കുന്നതിനും അവയുടെ ജൈവവൈവിധ്യം രേഖപ്പെടുത്തുന്നതിനുമായി എല്ലാ തണ്ണീർ ത്തടങ്ങളുടെയും രൂപടം തയ്യാറാക്കി

സൗജന്യ ഉപയോഗത്തിനായി ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നു.

2.നിയമാനുസൃത ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMCs) എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസി പ്പാലിറ്റികളിലും കോർപ്പറേ ഷനുകളിലും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നു. അറുന്നൂറ്റിഅമ്പതിലധികം ബി.എം.സി. കൾ രൂപീകരിച്ചു കഴിഞ്ഞു.

3.നിയമാനുസൃത ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (PBR) എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നു.

4. സംസ്ഥാനത്തെ സസ്യ-ജന്തു ജാലങ്ങളെ സാധാരണക്കാർ തിരിച്ചറിയുന്നതിനും അവയുടെ പ്രത്യേകത, പ്രയോജനം എന്നിവ രേഖപ്പെടുത്തുന്നതിനുമുള്ള കൈപുസ്തകങ്ങൾ തയ്യാറാക്കുന്നു.

5.സംസ്ഥാനത്തെ , ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും സുസ്ഥിര വികസനത്തിനായി അവ ന്യായയുക്തമായ രീതിയിൽ ഉപയോഗിക്കേണ്ടതിന്റെയും പ്രാധാന്യം പ്രദർശിപ്പിക്കുന്ന പരസ്യവസ്തുക്കൾ തയ്യാറാക്കുന്നു.

6.ജൈവവൈവിധ്യ നിയമത്തിലെ വ്യവസ്ഥകൾ, ജൈവവൈവിധ്യ സംരക്ഷണത്തിന്റെയും, അവയിൻ മേലുള്ള പ്രാദേശിക സമൂഹത്തിന്റെ ബൗദ്ധിക സ്വത്തവകാശങ്ങളെപ്പറ്റിയും

എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും പരിശീലനം സംഘടിപ്പിക്കുന്നു.

7.കാർഷിക ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യവും പ്രയോജനവും പ്രദർശിപ്പിക്കുന്ന ഒരു പൈലറ്റ് പദ്ധതി പാലക്കാട് ജില്ലയിലെ എരിമയൂർ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

8.ജൈവവൈവിധ്യ സംരക്ഷണത്തെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും പ്രായോഗികമായി ബോദ്ധ്യപ്പെടുത്തുന്നതിനും, സ്കൂൾ/ കോളേജ് തലത്തിൽ അതാത് സ്ഥാപനങ്ങളുമായി ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പാക്കാൻ ധനസഹായവും, സാങ്കേതിക സഹായവും നൽകുന്നു.

9.ക്യാമ്പസ് ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള വിദ്യാലയങ്ങളെ ഉൾപ്പെടുത്തി ജൈവ വൈവിദ്ധ്യ മേള വർഷം തോറും സംഘടിപ്പിക്കുന്നു.

10.സംരക്ഷിത വനപ്രദേശങ്ങൾക്കു പുറത്തുള്ള ജൈവവൈവിധ്യ പ്രാധാന്യമുള്ള വന മേഖലകളെ കണ്ടെത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11.ജലപക്ഷികളുടെ വാർഷിക കണക്കെടുപ്പ്.

12.കൊറ്റില്ല സംരക്ഷണവും, കൊറ്റി വർഗ്ഗ പക്ഷികളുടെ കണക്കെടുപ്പും.

13.പ്രധാന നദികളിലെ മൽസ്യസമ്പത്തു സംബന്ധിച്ച പഠനം.

14. ജൈവകൊള്ള, പരമ്പരാഗത നാട്ടറിവുകൾ എന്നിവ സംബന്ധിക്കുന്ന ശിൽപശാലകൾ സംഘടിപ്പിക്കുന്നു.

15.ജനിതക വ്യതിയാനം വരുത്തിയ വിത്തുകളെയും ഭക്ഷ്യവസ്തുക്കളെയും പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ദേശീയ തലത്തിലുള്ള ശിൽപശാലകൾ സംഘടിപ്പിക്കുന്നു.

16.സംസ്ഥാനത്ത് ഒരു ജൈവവൈവിധ്യ മ്യൂസിയം സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുന്നു.

17.ജൈവവൈവിധ്യ/പരിസ്ഥിതി സംരക്ഷണ മേഖലകളിൽ പ്രശംസനീയമായ പ്രവർത്തനങ്ങളും സംഭാവനകളും നൽകിയ വ്യക്തി,സ്ഥാപനം, പത്രപ്രവർത്തകൻ, വിദ്യാലയം എന്നിവർക്ക് വർഷം തോറും ' ഹരിത അവാർഡ് ' നൽകുന്നു.

18. സംസ്ഥാനത്തെ തീരദേശ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി ഒരു തീരദേശ ആവാസ വ്യവസ്ഥ സംരക്ഷണ പദ്ധതി, കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നു. കൂടാതെ എല്ലാ തീരദേശ തണ്ണീർത്തടങ്ങളുടെയും ഭൂപടം

തയ്യാറാക്കുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കുന്നു.

19.തണ്ണീർത്തടങ്ങളുടെ സുസ്ഥിര ഉപയോഗം വഴി, അവിടങ്ങളിലെ ജൈവവൈവിധ്യ വർദ്ധനവ് ഉറപ്പാക്കുന്നതിനും, തദ്ദേശവാസികൾക്ക് സ്ഥിര വരുമാനം ഉണ്ടാക്കുന്നതിനുമുള്ള ഒരു വിവിധോദ്ദേശ പൈലറ്റ് പദ്ധതി മലപ്പുറം ജില്ലയിലെ വെളിയംകോട് പഞ്ചായത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്നു.

20.ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിൻെറ ഭാഗമായി സർക്കാരിൻെറ പരിസ്ഥിതി നയം, ജൈവകൃഷി നയം, ജൈവവൈവിധ്യ കർമ്മ പദ്ധതി എന്നിവ തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചു. കൂടാതെ സംസ്ഥാനത്തെ ഭൂവിനിയോഗ നയം രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്ന കമ്മിറ്റിയിൽ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി പ്രവർത്തിക്കുകയും കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

21.ജൈവവൈവിധ്യ സംരക്ഷണം പ്രധാന വിഷയമായിട്ടുള്ള ദേശീയ/സംസ്ഥാനതല സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, മേളകൾ, ശാസ്ത്രീയ സമ്മേളനങ്ങൾ, എന്നിവയുടെ നടത്തിപ്പിൽ പങ്കാളികളാവുകയും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| | | | 22. ജൈവവൈവിധ്യ പ്രാധാന്യമുള്ള അഞ്ച് ജൈവവൈവിധ്യ പൈതൃക സ്ഥാനങ്ങൾ കണ്ടു പിടിച്ച് അവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br>23. ജൈവവൈവിധ്യ പാരിസ്ഥിതിക വിഷയങ്ങളിൽ ഡോക്യുമെന്ററി ഫിലിമുകൾ നിർമ്മിക്കാൻ നടപടിയെടുക്കുന്നു. |
| (സി) | എല്ലാ പഞ്ചായത്തുകളിലും ജൈവവൈവിധ്യ നിയമപ്രകാരം ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; | (സി) | അറുന്നൂറ്റി അൻപതോളം ഗ്രാമപഞ്ചായത്തുകളിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMC's) രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | മാനേജ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും പരിശീലനം നൽകുമോ; | (ഡി) | ജൈവവൈവിധ്യ നിയമപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരാവകാശങ്ങൾ സംബന്ധിച്ച് പരിശീലനം നൽകി വരുന്നുണ്ട്. |
| (ഇ) | എത്ര പഞ്ചായത്തുകളിൽ ഇതിനകം ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്; | (ഇ) | 20 ഗ്രാമപഞ്ചായത്തുകളിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി കഴിഞ്ഞു. |

(എഫ്) ജൈവ വൈവിധ്യ സംരക്ഷണം സംബന്ധിച്ച് പ്രചാരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(എഫ്)

1. ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച് പഞ്ചായത്തുകളിലെ ജൈവവൈവിധ്യ മാനേജ്മെന്റ് സമിതികൾക്ക് പരിശീലനം നൽകി വരുന്നു.

2. ജൈവവൈവിധ്യ സംരക്ഷണത്തെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും പ്രായോഗികമായി ബോദ്ധ്യപ്പെടുത്തുന്നതിനും, സ്കൂൾ/ കോളേജ് തലത്തിൽ അതാത് സ്ഥാപനങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പാക്കാൻ ധനസഹായവും, സാങ്കേതിക സഹായവും നൽകുന്നു.

3. ക്യാമ്പസ് ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള വിദ്യാലയങ്ങളെ ഉൾപ്പെടുത്തി ജൈവവൈവിധ്യ മേള വർഷം തോറും സംഘടിപ്പിക്കുന്നു.

4. ജൈവവൈവിധ്യ പാരിസ്ഥിതി വിഷയങ്ങളിൽ ഡോക്യുമെന്ററി ഫിലിമുകൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.

5. സംസ്ഥാനത്തെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിന്റെയും സുസ്ഥിര വികസനത്തിനായി അവ ന്യായയുക്തമായ രീതിയിൽ ഉപയോഗിക്കേണ്ടതിന്റെയും

പ്രാധാന്യം പ്രദർശിപ്പിക്കുന്ന പരസ്യ വസ്തുക്കൾ തയ്യാറാക്കുന്നു.

6. ജൈവവൈവിധ്യ പാരിസ്ഥിതിക വിഷയങ്ങളിൽ സെമിനാറുകൾ, ശിൽപശാലകൾ, ചർച്ചകൾ, ശാസ്ത്രീയ പഠനങ്ങൾ, സംരക്ഷണ നടപടികൾ എന്നിവയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സർക്കാരിതര സംഘടനകൾ, ഗവേഷകർ എന്നിവർക്ക് ധനസഹായം നൽകുന്നു.

Haseena Kalluth

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 179 — 28.12.10-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയുടെ വികസനം ലക്ഷ്യമിട്ടുള്ള പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി.) |
| (എ) വയനാട് ജില്ലയുടെ വികസനം ലക്ഷ്യമിട്ട് ആയിരം കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | പങ്കാളിത്ത വികസനത്തിലധിഷ്ഠിതമായി അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്ന അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ മാതൃകയിൽ വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) ഏതു തരത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഏത് ഏജൻസിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്; | (ബി) | വയനാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സേവനം ഉപയോഗപ്പെടുത്തി വയനാട്ടിലെ ആദിവാസികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നത്. അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (അഹാഡ്സ്) യാണ് പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (സി) ആദിവാസികളുടെ ഉന്നമനവും, അവർക്കുവേണ്ടിയുള്ള അടിസ്ഥാനസൗകര്യ വികസനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | വയനാട് ജില്ലയിലെ ആദിവാസികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) ഇതിനുവേണ്ട ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിക്ക് ധനസഹായം നൽകിയ ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി ഫണ്ട് ലഭ്യമാക്കാൻ ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 180 — 28.12.2010 - ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സുലഭമായി കിട്ടുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ.കെ. ഷാജു
ശ്രീ. കെ.ബി. ഗണേഷ് കുമാർ

(എ) സാധാരണ ജനങ്ങൾക്ക് ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സപ്ലൈകോയുടെ സൂപ്പർമാർക്കറ്റുകളിലും ഔട്ട്ലെറ്റുകളിലും സബ്സിഡി നിരക്കിലുള്ള അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും മിക്കപ്പോഴും ഔട്ട് ഓഫ് സ്റ്റോക്ക് ആകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ സുലഭമായി കിട്ടുന്നതിനായി എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്ത് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. സി. ദിവാകരൻ,
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അരി, ചെറുപയർ, കടല എന്നിവ ചില വിൽപ്പനശാലകളിൽ അപൂർവ്വ സന്ദർഭങ്ങളിൽ സ്റ്റോക്കില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ്സിഡി നിരക്കിൽ (12/70) വിതരണം ചെയ്യുന്ന അരി എഫ്.സി.ഐയിൽ നിന്നും സ്റ്റോക്കെടുത്താണ് വിതരണം ചെയ്യുന്നത്. ഇത് അവിടെ നിന്നും ലഭിക്കാനുള്ള കാലതാമസം മൂലം വിൽപ്പനശാലകളിൽ സ്റ്റോക്കില്ലാതെ വന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയിൽപ്പെടുത്തി വാങ്ങുന്ന ചെറുപയർ, കടല എന്നിവയും സ്റ്റോക്കില്ലാതെ വന്നിട്ടുണ്ട്.

(ബി) 12/70 രൂപ നിരക്കിൽ വിതരണം നടത്തുന്ന അരി പരമാവധി സ്റ്റോക്കെടുത്ത് വിൽപ്പനശാലകളിൽ എത്തിച്ചിട്ടുണ്ട്. ചെറുപയർ, കടല എന്നിവ പൊതുവിപണിയേക്കാൾ ശരാശരി 20% വിലക്കുറവിൽ ആവശ്യാനുസരണം വിൽപ്പനശാലകളിൽ നിന്നും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രിസ്മസ് പ്രമാണിച്ച് സോർട്ടക്സ് ഇനത്തിലുള്ള പച്ചരി, ബോധന അരി, മട്ടയരി എന്നിവ കി.ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യാനുള്ള നടപടിയെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ